
**EMA NEWS, Vol 11 January 2019**
**ST. Mary's College, Thrissur**



*Dear Elder Marians!*

When you eat your own food it is ‘Prakrithi’ (denotes natural attitude), when you grab somebody else’s food it is ‘Dushkrithi’ (denotes evil nature) and when you share your food it is ‘Samskrithi’ (denotes culture). I came across these words from a speech by our honourable vice president Sri.Venkayya Naidu. I have been seeking for a proper definition for culture and when I heard this I realized this is the most accurate one.

Though we claim to be part of centuries old culture, its real essence seems to be missing in our society.

Instead of blaming somebody else, lets try to see what we, the Elder Marians (the Alumnae Association of St.Mary’s College) are trying to do in our own college to develop the attitude of philanthropy. I would like to share a few of my experiences as an Executive Member of the Association. The happiest part is that the committee meets almost every month during the academic year.

We have a master plan and thanks to the Principal, Vice Principal, Staff Members and Students for it is implemented without any hesitation. At the end of the year we have a review meeting and necessary changes are made. It is worth mentioning that the Elder Marians are given the opportunity to become a part of the events. I was delighted that I could take part in some of these endeavors and I really enjoy every bit of it.

I would like to cite just two examples – one is an interactive session with Smt.Bindu Vincent. She narrated how, many ordinary home makers were totally transformed to economically, socially and psychologically better being. This was quite obvious from the life stories she related.

Another experience is where we conducted an eye camp at the Government L P School, Pattikkad with the help of the Malabar Eye Hospital in collaboration with under the Microbiology and Botany departments. Free consultation was given by Dr.Ambili (MBBS, DO and Assistants).

All of us are aware of the many escalating atrocities all around. I believe it is high time we started highlighting the positive efforts taken by people of good will. Let’s be more optimistic and concentrate on what is done and can be done. Life is threatened from the time of conception and it continues all through.

My request to all the alumnae is to save the date 26th January of every year to be with your Alma mater. Come, share your joys and sorrows because the simple principle

is, joy shared is doubled and sorrow shared is halved. The gathering is from 10 am. It ends with a lunch bringing back to our memory all the nostalgic feelings of our college days.

There are many more activities taking place under the auspices of the Elder Marians. You can read about it in the report. I just mentioned a few so that you can come back, relax and be a part of these events as a grandmother, mother or a sister. We look forward for your innovative ideas too.

Let me take this opportunity to mention about two eminent personalities who religiously make it a point to be present at every alumnae gathering. One is Mrs.Annama Baby John (W/o Late Mr.Baby, former Revenue Minister and mother of Mr.Shibu Baby John, former Labour Minister). She lives in Kollam. But she comes to Ernakulam on 25$^{th}$ itself to attend the meeting the following day. Another is Mrs.Vijayalakshmi who was a former student and teacher of our college. She also comes from Ernakulam. She has many reveries in her collection and she always cherishes the gift she gets with a deep gratitude.

There are many others who take great efforts to make our annual gathering a success. These two are examples.

I would also like to mention another very effective project of Elder Marians. It was a cancer detection camp by Cancare society from Ernakulum. Many women participated for diagnosing their state of health.

I really enjoyed being a part of most of the activities conducted this year. This year we also had the great opportunity of watching the spectacular convocation ceremony conducted by the college after break of a few years. Every part of the function was well organized and solemn.

I am grateful to everyone who have been a part of the ‘reverie’ we read today.

As true Marians let us walk following the footsteps of Mother Mary, who is an embodiment of love, patience, care and courage.

**Ms. Mary Hemalatha K.R (1975-77)**
**Editor**

**Principal's Note**

*Dear friends,*
*Coming home is always a happy moment in everyone's life. St. Mary's a grand old lady of 73 is glad to meet her daughters and granddaughters together every year on January 26th.This get together makes us more enthusiastic energetic and feels young in mind. When we remember and share the memorable events of our college life, we spend in St. Mary'sit will give a feeling of nostalgia to us. Our dear St. Marians, you are always a St. Marian, daughters of our beloved Mother Mary. Wherever you go andwhatever you do, there will be and must be a touch ofour Mother's hand with us.*

*There are many students came out of the portals of St. Mary's who scale heights and bring laurels to this institution and our motherland. This year after a few years of gap, God almighty allow us to have our solemn graduation ceremony on 7th Jan 2019.*

*We have experienced a lot of incidents, new tastes in life during the last year. We witnessed the biggest flood in the history of Kerala. Water raised in such a way that all walls between us disappeared. All were brothers and sisters, and it is because of this humanity we won over the devastating effects of flood.*

*Today as our institution is marching forward we work together to to have faith and humanity as our biggest tools, through which we spread the fragrance of love care and justice in the society.*

*Wishing you all a great time ahead*

Yours in Jesus,

Sr. Dr. Magie Jose

Principal

**Principal Sr. Dr. Magie Jose addressing the alumnae gathering**



**അന്നക്കുട്ടിയുടെ ആത്മഗതം**
**(സദാചാരവിരുദ്ധമല്ല!)**

'കേരളമൊരു ഭ്രാന്താലയം' എന്ന സ്വാമി വിവേകാനന്ദൻ കേരളത്തെക്കുറിച്ച് പറഞ്ഞത് തിരുത്തേണ്ടിവരും. 'കേരളമൊരു പീഢനാലയം' എന്നു വിളിച്ചാൽ തരക്കേടില്ല എന്നാണ് അന്നക്കുട്ടിയുടെ പക്ഷം.

'ആണുങ്ങൾ ജോലിതേടി നടക്കുന്നതിനേക്കാളുമധികം പ്രേമിക്കുവാനും പീഢിപ്പിക്കുവാനും വല്ല പെണ്ണുങ്ങളുണ്ടോ എന്നു തേടി നടക്കുന്ന കാലമാണിത്!' എന്നാൽ പെൺമഹതികളും ഒട്ടും മോശമല്ലാട്ടോ ഇന്നത്തെ നൂറ്റാണ്ടിൽ. ആണുങ്ങളേക്കാളും മുകളിലായിട്ടാണ് പെണ്ണുങ്ങളുടെ നടപ്പ്. കൂവാനും, തല്ലുണ്ടാക്കാനും, വായ്നോക്കാനും, കമന്റടിക്കാനും ഒട്ടും പുറകിലല്ല ന്റെ സാറേ ഞങ്ങൾ എന്നാണിപ്പോഴത്തെ പെണ്ണുങ്ങളുടെ നിലപാട്. തിരുവായ്ക്ക് എതിർവാ പറഞ്ഞില്ലേൽ ഒരു ഉറക്കം കിട്ടുകില്ല അവർക്ക്; മാത്രവുമല്ല എന്തിനു ആണുങ്ങൾക്കുമാത്രം എല്ലാം, പെണ്ണുങ്ങൾക്കെന്താ പറ്റൂല്യേ ഒന്നും എന്ന ചിന്തയുള്ളവരാണേൽ ഒന്നും ട്രൈ ചെയ്തു നോക്കാതെ വിടൂലാ.................

എന്നാൽ ചിലർക്ക് പെണ്ണെന്ന വർഗ്ഗത്തിനെ കണ്ടാ തുടങ്ങും വായില് കപ്പലോടിക്കാൻ പാകത്തിന് വെള്ളം. ഒരുമാതിരി പ്രമേഹരോഗികൾക്ക് മധുരം കാണുന്നതുപോലെ. സ്ത്രീകൾ മാന്യമായി വസ്ത്രം ധരിക്കില്ല എന്നാണ് അവരുടെ ആരോപണം. എന്നാൽ ഇനി എല്ലാവരെയും കണ്ണുമാത്രം കാണിച്ചു പർദ്ദ ഇട്ടു നടന്നാലും ഒരു കാര്യവുമില്ല. മനുഷ്യരല്ലേ! ചെന്നായ്ക്കൾ മാനിറച്ചി കിട്ടിയാൽ വിടുമോ? എത്ര അടക്കമൊതുക്കത്തോടെ നടന്നാലും പിന്നാലേ കാണും. പെണ്ണുങ്ങളുടെ തുണിയുടെ അളവെടുക്ക് അതാണ് എല്ലാപ്രശ്നത്തിനും കാരണം. അവർ സ്ലീവ് ലെസ്സാണ് ധരിക്കുന്നത്, ലെഗ്ഗിൻസാണ് ഉപയോഗിക്കുന്നത്, ടൈറ്റ് ജീൻസും ടീഷർട്ടും ഇടുന്നു, ബോഡിഫിറ്റ് ആയ ചുരിദാറാണ്.....ഇങ്ങനെയൊക്കെയായാൽ ഏതൊരാൾക്കും പ്രലോഭനം ഉണ്ടാവാതിരിക്കുമോ ചേട്ടത്തിയേ! പറഞ്ഞതിൽ കാമ്പുണ്ടെന്നാണ് അവർ വാദിക്കുന്നത്. മ്യാൻമാർ പത്രോം, ചാനലുകളും കാണുന്നില്ലേയാവോ? 6 മാസംപ്രായം തികയാത്ത കുഞ്ഞിനേയും 60 കഴിഞ്ഞ വല്ല്യമ്മയേയും 'ഡ്രസ്കോഡ്' പഠിപ്പിക്കുമോ ആവോ? കയ്യൊന്ന് കുറഞ്ഞാലും കാമപ്രാന്തിന് കുറവില്ലാത്ത ഗോവിന്ദച്ചാമിമാരുടെയിടയിൽ ഒരല്പം തന്റേടം കാണിക്കുന്ന സ്ത്രീകൾ അഴിഞ്ഞാട്ടക്കാരായി കാണുന്നവന്റെ കണ്ണിലെ മഞ്ഞക്കണ്ണട മാറ്റാൻ വല്ല ഒറ്റമൂലിയുണ്ടോ ന്റെ ദൈവമേ!

കാളപെറ്റെന്ന് കേൾക്കുമ്പോഴേക്കും കയറെടുക്കുന്ന ശീലമാണ് ചിലർക്ക്! മനസ്സിൽ വല്യ 'ഇൻസ്പെക്ടർ ബലറാം' എന്നാണ് വിചാരം. നിയമത്താൽ പോലിസ് അല്ലെങ്കിലും ചിലർ ഡോക്ടർമാരെപോലെ, CID മാരെപോലെ ഒരു കേസിൽമാത്രം സ്പെഷലിസ്റ്റാണ്. അവരെ വിളിക്കുന്ന പേരാണ് സദാചാര പോലീസ്. എവിടേയും സ്ത്രീയും പുരുഷനും ഒന്നു

കണ്ടുമിണ്ടിയാൽ അതു കേസാക്കും. അങ്ങനെ ആണേൽ ശരിക്കുള്ള പോലീസിന്റെ കഞ്ഞികുടി മുട്ടും.

അല്ല ഇപ്പറയുന്ന ചെക്കന്മാരുടെ കോലമോ? പണ്ടത്തെപോലെയല്ല. പെണ്ണുങ്ങളെ കടത്തിവെട്ടിക്കുന്ന വേഷങ്ങളാണ് ആൺപിള്ളേരുടേത്. മുണ്ടുമടക്കികുത്തിയാൽ അടിവസ്ത്രം കാണുന്ന തരത്തിൽ ആരെയെങ്കിലും കണ്ടാൽ അയാൾ ഗുണ്ടയോ കൊള്ളരിതാത്തവനോ ആണെന്നാണു മുൻവിചാരം. പയ്യൻസ് പെണ്ണുങ്ങളെ കുറ്റം പറഞ്ഞിട്ട് അവർ ധരിക്കുന്നത് ലോവെയ്സ്റ്റാണ് ജീൻസും പാന്റ്സും. ഇപ്പോൾ ഊരിവീണുപോകാവുന്ന തരത്തിൽ നിൽക്കുന്ന ജീൻസിനുമുകളിൽ സ്വാതന്ത്ര്യം പ്രഖ്യാപിച്ചുകൊണ്ട് അടിവസ്ത്രം ചിരിച്ചുനിൽക്കുന്നു. പ്രായത്തിലേറെയാണെങ്കിലും മൂക്കൊലിപ്പുതീരാത്ത പയ്യൻസാണെന്നേ തോന്നൂ. പെണ്ണുങ്ങൾ ദേഹം മറയ്ക്കുന്നില്ലെന്നു പറഞ്ഞു ആണുങ്ങളും ബോഡി കാണിച്ചു നടക്കുവാണ്. ആടിന്റെ താടിയും, ട്രാക്ടർ ഓടിച്ചതുപോലുള്ള ഹെയർകട്ടും, കാതിൽ ഒന്നോ രണ്ടോ കമ്മലും കഴുത്തിൽ കുരിശും കഠാരയും തൂങ്ങുന്ന ചങ്ങലകളും കയ്യിൽ ബഹുവർണ ബാൻഡുകളും ബഹുരസം. പുരുഷന്റെ പൌരുഷം കോഞ്ഞാട്ടയാകുകയാണോ?

ഓണത്തിനിടയിലെ പൂട്ടുകച്ചവടംപോലെ പീഢനത്തിനിടയിലെ സ്വവർഗ്ഗപ്രേമം. ഒന്നിനും ഒരുക്ഷാമവുമില്ല നമ്മുടെ നാട്ടിൽ. ഇന്നാളൊരു കാരണവര് ഉറക്കെയൊരു ആത്മഗതം പറയണതു കേട്ടു. പണ്ടാണെങ്കിൽ കുടുംബത്തിൽ കേറ്റാവുന്ന ഒരുത്തിയെ മോൻ കൈപിടിച്ചു കൊണ്ടുവരണേ എന്ന പ്രാർത്ഥനയായിരുന്നു. ഇപ്പൊ അവൻ കെട്ടുന്നത് ഒരു പെണ്ണിനെയാവണേ എന്നായിത്തുടങ്ങി! കാലം പോയ പോക്കേ......

**SMIJI MOL K J**
**(2016-2018)**

## തീർത്ഥാടനം

വരണ്ട നീർച്ചാലുകൾ തേടി
യാത്ര ചെയ്യുകയാണെൻ ആത്മാവ്
കനിവിന്റെ തൂവൽസ്പർശവും മോഹിച്ചു
ദൂരെ മറ്റൊരു ലോകത്തിൻ മൂകതയിലേക്ക്
കത്തിയെരിഞ്ഞ ചിതാഭസ്മത്തിൻ ഗന്ധമോടെ
ആയിരം ആത്മാക്കളുടെ പുണ്യതീർത്ഥവുമായി
ചുറ്റി നടക്കുകയാണു ഞാൻ സ്മൃതിതൻ ശവപറമ്പിലൂടെ
എന്നുടെ കയ്യിലെ ഭാണ്ഡകെട്ടിൽ
കത്തിയിട്ടും എരിയാത്ത അസ്ഥികളുണ്ട്
കാക്കകൾപോലും കൊത്താത്ത ബലിചോറുണ്ട്
കവികൾപാടി ഉണർത്തിയ ഭൂതകാലസ്മരണകളുണ്ട്
കലാകേരളത്തിൻ സാക്ഷിയാം പൊട്ടിയ ചിലങ്കയുണ്ട്.
പിന്നെയോ ഒരു കുടത്തിൽ ഒരിറ്റു ദാഹജലമുണ്ട്
ഇതെല്ലാം കൊണ്ടുയാത്രയാവുകയാണു
നിള ഓർമ്മയാകും ഭാവിയുഗത്തിലേക്ക്
പ്രൌഢതയുടെ പഴയകാലത്തെ സ്മരിച്ചു
മരുക്കാടുകൾ നിറഞ്ഞ ഇടവഴികളിലൂടെ
ഇളം കാറ്റേൽക്കുന്ന കോമാളികളുടെ നടുവിലൂടെ
രൌദ്രതയുടെ മുഖംമൂടി ദൂരെയെറിഞ്ഞ
സഹതാപത്തിൻ അറച്ച നോട്ടങ്ങളെ തട്ടിമാറ്റി
വെള്ള പുതച്ച പുതുയുഗസന്തതികൾക്കു
നിണമൊഴുകുന്ന നീർച്ചാലുകൾ ബാക്കിയാക്കി
നിള യാത്രാമൊഴിയോതുന്നു.

**റിജി കെ എസ്.**
**(2012-2009)**

## "LEELAVATI'S DAUGHTERS": PAST, PRESENT AND FUTURE

It is apt to start the discussion about Indian women in science, with "Leelavati', the daughter of twelfth century mathematician Bhaskaracharya, who herself was an excellent mathematician. Bhaskaracharya's famous book on algebra, 'Leelavati' was actually written to teach her mathematics. The spirit of learning that Leelavati had showed hundreds of years ago, despite the social conditions then, makes her a symbol of the tradition of women's education in India. Her innumerable descendants; the women scientists of India are privileged to be named as "Leelavati's daughters".[1]

Today India is growing faster in the field of science and technology and gaining the potential to compete with the technology giants like U.S, Germany, Japan *etc*. But is there a proportional increase in the representation of women in science? The answer is "NO". But we cannot ignore the fact that the conditions are much better than the past, even though it is improving on a slow pace. A journey through the time-scale will help us to get a clear view about the past, present and future of our women scientists.

Vedic India had witnessed the "golden era" of women. There was no discrimination of sex in the field of studies. Panini and Pathanjali had referred about the admission of female students to Vedic schools. There were 'chhatri' (lady students) and 'upadhyayi' (lady teachers). Girls were given lessons in veda, upanishad, grammar, logic and astrology. Gargi and Maitreyi were two renowned experts in Brahmavidya, the highest knowledge. On the contrary, medieval India was the 'dark age' for women. Invasion of foreigners and influence of their culture are considered to be the possible cause. During this period, girls -especially in the Hindu society - were not given formal education, except lessons in household chores. But in Christian, Jain and Buddhist communities, the situations were much more lenient. Women in these communities had comparatively easy access to education. The status of women in south India was better than that in north India. According to famous historian Ibn Batuta, there were 13 schools

for girls in Honavar, Karnataka[2]. In the colonial period, women empowerment was one of the major aims of the social reformers through out India (Mahatma Gandhi, Swamy Vivekanandan, Raja Rammohan Roy, Ishwarachandra Vidyasagar, Subramanya Bharathi, Vijayalakshmi Pandit and Sarojini Naidu, to name a few). Women from the higher strata of the society could take advantage of the girls' schools and women's colleges established by the British government. Even then, getting admission into the science disciplines was tough[3].

Post independence period showed a promising, but slow increase in the number of women entering into the field of science. India has produced some outstanding women scientists. Some of the pioneers are[4]:

- Dr. Anandhibhai Joshi (1865- 1887): First lady to complete medical education in USA and the first Hindu woman to get a medical degree.
- Dr. Asima Chatterjee (1917- 2006): First woman D.Sc., Recipient of Padma Bhushan award, S. S. Bhatnagar award, C. V. Raman award, P. C. Ray award. Worked on natural products with special reference to the medicinal chemistry.
- Dr. E. K. Janaki Ammal (1897- 1984): D.Sc., Winner of Padmashri award. Founder fellow of Indian Academy of Sciences. Renowned botanist and plant cytologist. Made significant contribution to genetics, evolution, phytogoegraphy and ethnobotany.
- Dr. B. Vijayalakshmi (1952- 1985): Did studies on relativistic wave equations and their proportions. She had 11 international publications when she expired at the age of 33 due to cancer.
- Dr. Anna Mani (1918- 2001): FASc, FNA. The only woman scientist to work with C.V. Raman. Well known for her work in atmospheric physics and instrumentation. She became the Deputy Director General of Observatories in Delhi.

- Dr. Kamal Ranadive (1917- 2001): received Padmabhushan award. Founder of Indian Women Scientist Association (IWSA). Established the first tissue culture laboratory in India.
- Dr. Tessy Thomas (1963- ): Joined DRDO at 1985. Expert on solid system propellants. Head of the Agni- III missile project.

Prof. Manju Sharma, Prof. Indira Nath, Prof. Kasturi Dutta, Prof. Archana Sharma, Prof. Sipra Guha Mukharjee, Dr. Sneh Bhargava, Dr. Rohini Godbole, Dr. Rama Govindarajan, Dr Hema Ramachandran, Dr. Anuradha Lohia, Dr. Chandrima Shaha, Dr. Mitali Mukharjee and the list goes on. Women academicians have also given significant contributions to science. Our Alma Mater itself has got excellent examples. India has also seen successful women entrepreneurs like Dr. Kiran Mazumdar Shaw, BIOCON.

Now, what is the current scenario of Indian women in science? Surveys show that the number of women scientists is marginal (women constitute only 18%) and also they form a minor proportion of all Indian working women.[5] This situation is not much different from the global scenario. If we take the case of 'Nobel prize', the most prestigious award in science, only 16 women scientists have got the award till date and unfortunately there are no Indians[6]. When we had Sir J. C. Bose, Sir C. V. Raman, Srinivasa Ramanujam, M.S. Swaminathan and APJ Abdul Kalam as Idols of Indian science, there was not a single woman scientist to be added to that list! But the situation was not the same in the field of art, literature, politics and social reformation, where there was comparatively more female representation.

So, it is sure that there exists a glass ceiling, which restricts the growth of the Indian women in Science. What may be the possible hindrance? An interesting article by Dr. Vineeta Bal[7] states that, despite the increase in the number of women scientists, gender-based disadvantages in a patriarchal culture continue to be the order of the day. Despite their education and class advantages, prevalent patriarchal notions affect the work and

career of women scientists, since a woman is looked at primarily in the family context as daughter, wife or mother. An interesting observation of Dr Bal is that, women constitute a third of all doctoral degree holders over the past decade, the expectation would be that women would also constitute about a third of all junior faculty members in national laboratories and universities where academic biology research is carried out. But in reality, the decisions about child bearing and child rearing inevitably affect women far more severely than men in conventional households with patriarchal cultures. It is quite plausible that women's ambitions to pursue careers take a back seat at this point, with women taking short or long breaks to attend to the 'family's needs'. In subsequent years this would translate into having poorer professional achievements than men of the same age and basic qualification. So, when it comes to finding a permanent job after finishing post-doctoral training, fewer women scientists may try, and fewer may be able to compete successfully with men for the same post. Factors like, longer working hours beyond 9- 5 routine and, 6- 8 years of research experience as the minimum requisite to get a permanent career, cannot be excluded in this context. Statistics reveal that women scientists are sidelined by male-centric selection committees for awards and for appointments to research and development (R&D) positions in government-funded organizations. In India, women head only two of the 60 autonomous institutions under the ministry.8 According to Dr. Bal, those women who find it difficult to provide better living conditions for their families, while pursuing their field of interest, will lose out in the pursuit of their profession in the early phases. Even for those who cross this hurdle successfully, the profession can make them invisible – not rising far enough to step into leadership roles, and not getting recognition.[7]

What all can be done to improve this situation of Indian women scientists and what all are being done at present? It is glad to know that Indian government, government- funded organizations and top Indian research institutes are taking initiatives for the betterment of the situation. Department of Science and Technology, Indian Academy of Sciences,

Indian Women Scientist Association, Indian Institute of Technology and various Indian Universities are organizing seminars and conferences on women empowerment in science. Many productive suggestions have been derived from these conferences. Relaxation of age limit for women candidates, longer paternity leave and flexible maternity leave, provision of crèches, flexible working hours for women with small children, gender audits in R&D institutions to ensure equal opportunities for qualified women, inclusion of women members in selection, promotion and grant-awarding committees, are some of them[7,8] DST has launched a Women Scientists Scholarship Scheme (WOS) to enable women scientists (30– 50 years) to continue after a break in career.[9] Exclusive awards to women scientists like, Women Bioscientist awards, L' Oreal- UNESCO for women in Science award, FEBS/ EMBO Women in Science award *etc* are surely an encouragement for them to reach heights. Government has introduced various schemes for women empowerment in women's Universities like Sri Padmavathi Mahila Visvavidyalaya, Mother Teresa Women's University, Bijapur Women's University *etc*.[10]

The society can be made more aware about the scientific research, through media. This will definitely help to increase the female participation in science. Biographies and achievements of famous Indian women scientists can be included in the curriculum even form the school level, in order to inspire young girls to enter into the field of science. All these initiatives aim towards a competitive, yet cooperative, gender-inclusive, knowledge- based society. We may hope that these targets will be achieved in the recent future. Let us wait for that new dawn, when both men and women will join hands together to make our nation "The Best" in Science and Technology.

"The best thermometer to the progress of a nation is its treatment of its women. There is no chance for the welfare of the world unless the condition of women is improved."

-Swami Vivekananda

**References:**


1. Rohini Godbole and Ram Ramaswamy, (2008),“Lilavati’s daughters: The women scientists of India”, Indian Academy of Sciences.
2. Jyotsna. K. Kammat, (1980), “Education of women in ancient and medieval India”, Kamat Research database
3. http://www.indianetzone.com/6/women_education_colonial_india.htm
4. Women in Science- An Indian Academy of Science initiative. http://www.ias.ac.in/womeninscience/lilaprf.html
5. http://www.nistada_res.html
6. http://nobelprize.org/
7. Vineeta Bal, (2005), “Women scientist in India: Nowhere near the glass ceiling”, Current Science, vol. 88no. 6, 872-878
8. K.S. Harikrishnan, (2009),GENDER Women in Science Face Discrimination in India - Part 1 - IPS ipsnews_net
9. http://dst.gov.in/scientific-programme/women-scientists.htm
10. “Women scientist Zindabad- but we need more to get out there”,The Hindu, Businessline, Frida, May 30, 2008.



**Salini.K, Post Doc Fellow, CUSAT**
**(2000-2003)**

# തൂലിക

ഒറ്റയ്ക്കായ തൂലികയായിരുന്നു എന്നും എന്റെ സുഹൃത്ത്....
തൂലികയിലെ അക്ഷരങ്ങളോട് കിന്നാരം ചൊല്ലിയായിരുന്നു
എന്റെ ദിനങ്ങളുടെ തുടക്കവും ഒടുക്കവും....
ഇടയ്ക്കിടെ നീർമേഘങ്ങൾ മിഴികളെ മറയ്ക്കുമ്പോൾ...
തുലികയിൽ അക്ഷരങ്ങളും അകലം പാലിച്ചിരുന്നു.......
അന്നൊക്കെ ഉള്ളുപിടയുന്ന വേദനയിലും അറിയാതെ
ഞാൻ എന്റെ തൂലികയെ പ്രണയിച്ചു തുടങ്ങി...
തൂലികയോട് പറയാതെ ഞാൻ പറഞ്ഞതൊക്കെയും
എന്റെ പ്രണയമായിരുന്നു.......
അപ്പോഴും അക്ഷരങ്ങൾ വിരിയിച്ച എന്നേക്കാൾ
തൂലികയ്ക്ക് പ്രിയം നിറമില്ലാത്ത ആ വെള്ളക്കടലാസിനോടായിരുന്നു....
എന്നിട്ടും ഞാൻ പ്രണയിച്ചു;
ഒന്നിനുമല്ലാതെ ഇന്നും ഞാനാതൂലികയെ പ്രണയിക്കുന്നു...

## അക്ഷരങ്ങൾ

ആഗ്രഹിക്കുന്ന പോലെ ആടിത്തീർക്കാൻ
കഴിയാതെ പോകുന്ന ഒന്നാണ് ജീവിതം....
മോഹിച്ച പലതും കൈയ്യകലത്തിൽ നഷ്ടമാവുന്നത്
നിസ്സംഗതയോടെ നോക്കിനിൽക്കേണ്ടിവരുന്ന അവസ്ഥ...
അത് ഒരു വേദനയാണ്....
മനസിനെ മുറിപ്പെടുത്തുന്ന വേദന..........
ബന്ധങ്ങൾ ബന്ധനങ്ങളാവുമ്പോൾ
പലരും മൌനത്തെ കൂട്ടുപിടിക്കും
ചിലർ വാക്കുകളിൽ വാചാലമാവും....
ക്ഷോപത്താൽ പുറന്തള്ളുന്ന വാക്കുകൾക്ക്
മറ്റൊരു ഹൃദയം കീറിമുറിക്കാൻ ശക്തിയുണ്ടെന്ന്
പലരും അറിയാതെ പോവുന്നു....
മറ്റുചിലർ മൌനംകൊണ്ട് പടവെട്ടുന്നു...
രണ്ടായാലും വേദനയാണ്...
ചില അക്ഷരങ്ങളിലും വാക്കുകളേക്കാൾ തീവ്രത ഒളിഞ്ഞിരിക്കും...
ആ അക്ഷരങ്ങൾ എഴുതുന്നയാളുടെ
മനസ്സിൽ നിന്നും പിറവിയെടുക്കുന്നതാവാം... അല്ലെങ്കിൽ
അയാളുടെ കണ്ണുകളിൽ എവിടെന്നോ പതിഞ്ഞതാവാം...
എഴുതിത്തീർക്കുമ്പോൾ ചിലപ്പോൾ മനസ്സിൽ ഉടലെടുക്കുന്ന
സങ്കടമാവാം അക്ഷരങ്ങളായി പുസ്തകത്താളുകളിൽ പിറന്നുവീഴുന്നത്...
ചിലപ്പോൾ നടക്കാത്ത സ്വപ്നങ്ങൾ എഴുത്തിലൂടെ സ്വന്തമാക്കുന്നതാവാം....
ചിലർക്ക് അക്ഷരം ഒരു ലഹരിയാണ്....
ഏകാന്തമായയാത്രയെക്കാൾ ലഹരി.....
തനിച്ചാക്കാൻ ആരുമില്ല എന്ന് ഉറപ്പു നൽകുന്ന ലഹരി..
ഏകാന്തതയുടെ ഒറ്റപ്പെടലിന്റെ ചങ്ങാതി അതാണ് അക്ഷരങ്ങൾ...
എനിക്ക് ഏറ്റവും പ്രിയമുള്ളതും അക്ഷരങ്ങൾ തന്നെ...

## കവിയത്രീ

നീർമാതളത്തിൻ ചുവട്ടിൽ
അല്പനേരം ഇരിക്കണം...
നീയറിഞ്ഞ സുഗന്ധങ്ങൾ,
നിന്നെത്തഴുകിയ കാറ്റിലൂടറിയണം...
നിന്റെ മനസ്സ് സഞ്ചരിച്ച വഴികളിലൂടെ
നിന്നെയാവാഹിച്ച നീയായ് നടക്കണം....
നിന്റെ ചലനങ്ങൾ ചലിപ്പിച്ച മനസ്സുകളെ
അസൂയയോടൊന്ന് കൂടെകൂട്ടണം...
മാന്ത്രിക വിരൽസ്പർശത്താൽ
ആരാധക വൃന്ദത്തെ, ജ്വലിക്കും
സൌന്ദര്യത്തിനടിമകളാക്കിയ
നിന്റെ മോഹിപ്പിക്കും വരികൾ
പലവുരു വായിച്ച് നിർവൃതിയടയണം..
നീയെന്ന സമുദ്രത്തെ തേടിയെത്തിയ
നീരുറവകളിൽ നീ കണ്ടെത്തിയ
പ്രണയം, നിന്നാവിഷ്ക്കാരങ്ങളിൽ
നിറഞ്ഞുനിന്ന് നൃത്തമാടിയപ്പോൾ
ഒരുവേള നാണിച്ചുപോയിരുന്നു നീയും....
നാണത്താൽ വിരിഞ്ഞ നുണക്കുഴികളിൽ
ഞാൻ കാണുന്നത് കുങ്കുമച്ചോപ്പാൽ
അങ്കിതമായ പ്രണയമുദ്രകളാണ്........
നിർഭയമായ നിന്റെ മനസ്സിൽ
നിഷ്കളങ്കത കുടിയേറിയപ്പോൾ
കൂടെപ്പാർത്ത വരികളിൽ
കാമവും മോഹവും അഭിലാഷവും
ചേർത്ത് ചാലിച്ച നിറക്കൂട്ടാൽ
ജീവൻ പകരാൻ നിനക്കു മാത്രമേ
കഴിഞ്ഞതുള്ളൂ... പ്രിയ കവിയത്രീ...........
നിന്നെ പ്രണയിച്ച മനസ്സുകളിൽ
ഒരു തുലാമഴയായ് പെയ്തിറങ്ങുന്നു നീ,
നിന്നാലാലേഖനം ചെയ്യപ്പെട്ട
നിരുപമ സുന്ദര വരികളാൽ..!
ഒടുവിലൊരു പർദ്ദക്കുള്ളിൽ
നിന്റെ സൌന്ദര്യമൊളിപ്പിക്കാൻ
നീ കാട്ടിയ തിടുക്കമോ... തന്റേടമോ
നിന്നിലെ ചങ്ങലക്കിട്ട പെണ്ണിന്റെ
നീയാഗ്രഹിച്ച മോചനമായ്...
അടിച്ചേൽപ്പിക്കപ്പെടുന്ന
ആചാരങ്ങളോട് നീ പ്രഖ്യാപിച്ച
യുദ്ധമായ് കാണുന്നു ഞാൻ...!
ഭ്രാന്തമായ ആവേശമായ് നിന്നെ
മനസ്സിൽ സൂക്ഷിക്കാതിരിക്കാൻ
കഴിയില്ലൊരാൾക്കും,
ഒരിക്കലെങ്കിലും നിന്നെ
വായിച്ചറിഞ്ഞിട്ടുണ്ടെങ്കിൽ....!!!

## സ്ത്രീ

ദൈവം സ്ത്രീയെ സൃഷ്ടിച്ചപ്പോൾ മാലാഖ ദൈവത്തോട് ചോദിച്ചു.
“എന്തിനാണ് ഇത്രയും സമയമെടുത്തു അവളെ സൃഷ്ടിക്കുന്നത്?”

ദൈവം പറഞ്ഞു. “അവൾ വളരെ പ്രത്യേകത ഉള്ളവളാണ്”, “ഏതൊരു അവസ്ഥയും കൈകാര്യം ചെയ്യാൻ കഴിയണം. ഒരുപാട് കുട്ടികളെ ഒരേ സമയം കെട്ടിപ്പിടിക്കാൻ കഴിയണം. കാലിലെ മുറിവ് മുതൽ ഹൃദയത്തിന്റെ മുറിവ് വരെ മാറ്റാൻ കഴിയണം. അസുഖം വരുമ്പോൾ സ്വയം മരുന്ന് കണ്ടെത്തണം. 18 മണിക്കൂർ വരെ എന്നും ജോലി ചെയ്യാനാകണം.”

മാലാഖയ്ക്ക് വിശ്വാസമായില്ല..”ഇതെല്ലാം രണ്ടു കൈകൊണ്ട് എങ്ങനെ കഴിയും.. അസംഭവ്യം,” മാലാഖ സ്ത്രീയെ തൊട്ടുനോക്കി......

“ദൈവമേ.. പക്ഷെ ഇവളുടെ ശരീരം മൃദുലം ആണല്ലോ”....

“അവൾ മൃദുലമാണ്, പക്ഷെ പുരുഷനെക്കാളും വേദന താങ്ങാൻ അവളുടെ ശരീരത്തിനാകും”....

മാലാഖ അവളുടെ കവിളിൽ തൊട്ടു....”ദൈവമേ ഇവിടെനിന്നു വെള്ളം വരുന്നു”....

ദൈവം പറഞ്ഞു “അത് കണ്ണീരാണ്, അവളുടെ സ്നേഹവും, ഏകാന്തതയും, വേദനകളും, ആകുലതകളും, സന്തോഷവും പ്രകടിപ്പിക്കാനുള്ള മാർഗ്ഗമാണ്.”

മാലാഖയ്ക്ക് സന്തോഷമായി, “അവളുടെ കഴിവ് അപാരമാണല്ലേ”.

“അതേ, അവൾക്ക് വലിയ പ്രശ്നങ്ങൾ നേരിടാൻ കഴിവുണ്ട്.”

“തന്റെ ശരീരത്തിന് താങ്ങാവുന്നതിനേക്കാൾ അധികം വേദന താങ്ങി പ്രസവിക്കാൻ അവൾക്കാകും”

“അവൾക്ക് സന്തോഷവും സ്നേഹവും അഭിപ്രായങ്ങളും പിടിച്ചുവെക്കാനുള്ള കഴിവുണ്ട്.”

“സങ്കടം വരുമ്പോളും പുഞ്ചിരിക്കാൻ അവൾക്ക് കഴിയും.”

“സ്വന്തം വിശ്വാസത്തിന് വേണ്ടി ഏതറ്റംവരെ പോകാനും അവൾക്കാകും.”

“ഉപാധികളില്ലാതെ സ്നേഹിക്കാൻ അവൾക്കാകും.”

“തനിക്ക് വേണ്ടപ്പെട്ടവർക്ക് വേദനിച്ചാൽ അവളുടെ ഹൃദയം നുറുങ്ങും.”

“അപ്പോൾ അവൾക്ക് കുറ്റങ്ങൾ ഒന്നും ഇല്ലെന്നാണോ ദൈവമേ.”

“അവൾക്ക് ഒരു കുറവുണ്ട്.... തനിക്ക് ഇത്രയും കഴിവുണ്ടെന്ന് അവൾ പലപ്പോഴും മറക്കും.”

പുരുഷാ.... സ്ത്രീയെ ബഹുമാനിക്കുക.... അവൾ മകളാണ്...പെങ്ങളാണ്.....കൂട്ടുകാരിയാണ്.......ഭാര്യയാണ്.....അമ്മയാണ്..... നിന്റെ ജീവൻ അവളുടെ സഹനമാണ്......

സ്ത്രീയെ.....നീ ഒന്നോർക്കുക....

നിന്നിലെ കഴിവുകൾ കണ്ടുപിടിക്കാൻ പുരുഷനോളം നിന്നെ സഹായിക്കാൻ വേറൊരാളില്ല.

സമർപ്പണം:- ഈ ജന്മത്തിൽ ഞാൻ കണ്ടുമുട്ടിയ എല്ലാ സ്ത്രീരത്നങ്ങൾക്കും..........

## പ്രണയം

അവനോടു എനിക്ക് വല്ലാത്ത പ്രണയമായിരുന്നു,
ശിവരാത്രിയിൽ ജലപാനമില്ലാതെ ഉറക്കമുളച്ചതും,
അവൻ എന്റെ മാത്രമാവാൻ ആയിരുന്നു...
നിന്റെ ആ ദേഷ്യമുണ്ടല്ലോ... അതേ.... അതാ എനിക്കേറെയിഷ്ടം.
അന്ന് കൂവളമരത്തിന്റെ ചോട്ടിൽവെച്ചാ
ആദ്യം നിന്നോട് ഇഷ്ടമാണെന്ന് പറഞ്ഞത്..
തിരിഞ്ഞു നടക്കുമ്പോൾ നാഗമരപൊത്തിൽ നിന്നും
ഇഴഞ്ഞെന്നെ കെട്ടിപുണർന്ന നാഗത്താനെ,
നിന്റെ കഴുത്തിൽ കെട്ടിയിട്ടപ്പോൾ നിനക്കെന്നെയേറെ
ഇഷ്ടമാണെന്നുള്ള ഉത്തരം നീ പറയാതെ പറഞ്ഞു.

അന്ന് നീ എന്റെ കഴുത്തിലണിയിച്ച രുദ്രാക്ഷമാലയുണ്ടല്ലോ
അത് നിന്നിലുള്ള വിശ്വാസത്തിന്റെ പകിട്ട് കൂട്ടി.
ചുടലപറമ്പിൽ നാം നൃത്തം ചവിട്ടി
നീ എന്നെ പുണരുമ്പോൾ ഭസ്മഗന്ധമായിരുന്നു എനിക്ക്.
അതെന്നെ മത്ത്പിടിപ്പിക്കുന്നു.
ജടയിൽ അവൾ ഒഴുകുമ്പോഴും ആ
നെഞ്ചിൽ തലചായ്ച്ചുറങ്ങുമ്പോൾ കിട്ടുന്ന
സുരക്ഷിതത്വം മറ്റെങ്ങും എനിക്ക് ലഭിക്കില്ല.
പ്രണയം മാത്രമാണ് മനുഷ്യാ
എന്റെ ശിവനെ നിന്നോട് എനിക്ക്....

**അശ്വതി കെ.ജി.**
**(2018-2015)**

## Secretary presenting the annual report




## <u>എൻ ഗുരുനാഥൻ</u>

നശ്വരമാം ജീവിതയാത്രതൻ താളത്തിൽ
കണ്ടെത്തി അനശ്വരമാമൊരു മാനസത്തെ
എങ്ങുമലിഞ്ഞിടാതെ മറഞ്ഞുപോയ്
സാനന്ദം ദേവൻമാർക്കു തുല്യം
ജീവിതയാമം സന്തോഷപൂർണ്ണമാക്കാൻ
ജീവിതാഭിലാഷങ്ങൾ നിറവേറ്റിടുവാൻ
അഹിംസതൻ പാതയെ പിന്തുടരൂ
ആ കണ്ഠം കീറിമുറിച്ചവൻ ചൊല്ലി
ഹിംസതൻ ഭാവങ്ങൾ തീയായ് പടരും
നെഞ്ചങ്ങളെയൊന്നായ് തകർത്തടിച്ചിടും
എന്റെ ജീവിതത്തിന്റെ വാക്കാണു സത്യം
എന്നുമെൻ ജീവിതം ഏകുന്നു ഗുരുനാഥനായ്
രാമരാജ്യത്തിൽ വാഴ്കെന്ന നാദം
സർവ്വചരാചരങ്ങൾക്കും കൊടുത്തുപോയ്
നാഥൻ

മണ്ണിനെ വിണ്ണാക്കി മാറ്റിയവൻ നീ
രാജാധിരാജനായ് വാഴേണ്ടവൻ നീ
നേരായിതീർന്ന കിനാവുപോലെ
രണ്ടായി പിളർന്നു മറ്റുള്ളവർക്കായ്
ശക്തിതൻമാർഗ്ഗം നിഷ്ഫലമെന്നോ!
യുക്തിതൻ മാർഗം തിരഞ്ഞെടുത്തു
അണിനിരന്നാടുവിൻ തിരിതെളിച്ചാടുവിൻ
വാക്കെന്ന പടച്ചട്ടയേന്തി ഒരുങ്ങുവിൻ
കാലമാം പാമ്പിനെ വെട്ടിവീഴ്ത്തീടുവാൻ
ഭൂമിക്കാശംസാ ഗീതം മീട്ടിടുവാൻ
വന്നൂ മന്നിൻ നന്മക്കായ്
വീണുപോയ് മർത്ത്യഗദതന്നടിയാൽ
എങ്കിലും എൻ വീണ മീട്ടിടുന്നു
എൻ ഗുരുനാഥൻ സകലപ്രമോദൻ.

**ഫെമി മോണി (2017-2015)**

# PavuBhaji

Buy Ready-made Pav on Packet – keep clean  Pav (Special Soft Bread)

Bhaji:-

| | | |
|---|---|---|
| Potatoes | - | 1kg |
| Carrot | - | ¼ kg |
| Onion | - | ¼ kg |
| Garlic | - | 25gm |
| Ginger | - | 25gm |
| Tomatoes | - | ¼ kg |
| Beans | - | ¼ kg |
| G. Peas | - | ¼ kg |
| Coriander leave | - | 1b |
| Yellow Powder | - | 1 tbspn |
| Green Chilly | - | 4 to 5 |
| Pav – Bhaji Masala | - | 3 to 4 tbspn |
| Lemon | - | 1 no. |
| Salt | - | to taste |
| Butter | - | 4 to 5 Spoon |

Boil all the vegetables to keep aside.  Paste the onion, ginger, garlic together.  Keep a pan on the fire just butter and the paste of onion, ginger, and garlic fry till brown.  Add tomatoes and fry for awhile, then add all other ingridients lastly add lemon.

Have hot Bhaji with Pav fried in butter.

**Mrs.SanthaRajagopal**

# പെൺകൊടി

ഈ മലിനമായൊരു തെരുവിലാദ്യമായ്
നീ പിറന്നതെൻ പെൺകൊടി
നിൻ ഭാവിയോ ഭൂതമോ
എനിക്കറിയില്ലെന്നു മാത്രമല്ല
നിൻ വർത്തമാനം തന്നെ
ഊഹിക്കാനെനിക്കു വയ്യ.

സ്വന്തമായ് പേരില്ല പാരിലിന്നു
സ്വന്തമായ് നിനക്കു നടുനീർക്കുവാൻ കൂരയില്ല
ബാധ്യതകളൊന്നുമില്ലാതെ നിനക്കായ്
ഇന്നീ തെരുവു സ്വന്തം
വെറുതെ നീ സ്വപ്നങ്ങൾ കാണേണ്ട
പെൺകൊടീ.............
കേവലമൊരു മരീചികയാണു
നിന്റെ ജന്മം

മറ്റു മനുഷ്യക്കോലങ്ങളിന്നു
നിന്നെ നോക്കുന്നതെങ്ങിനെയെന്നു
നീ അറിഞ്ഞോ?
തെരുവിന്റെ ദാനമായ്
തെരുവിന്റെ മകളായ്
പുച്ഛമാം മിഴിമുന നിന്നേർക്കെറിഞ്ഞവർ
നിന്നെ തളർത്തിയോയെൻ പെൺകൊടി.
ബാലകൌമാരയൌവനം തലോടി നിൻ
കൈയ്യും മെയ്യും വളർന്നോ
രാത്രിയാം യാമത്തിൽ -
മംഗലഗാത്രയാം നിന്നുടെ
ദാവണി തുമ്പിലപരന്റെ
മുഷ്ടി പതിഞ്ഞതും
അംഗജലീലകളാടി നിന്നുടെ
കപാലം തകർക്കവെ
പകൽ മാന്യനവന്റെ
മുഖംമൂടിയഴിഞ്ഞു നിന്നിൽ ലയിച്ചതും
നിന്നെ തളർത്തിയോയെൻ പെൺകൊടി

നീയന്നു തെരുവിന്റെ മാറിലുപേക്ഷിച്ച
പിഞ്ചുപൈതലും നിൻ-
കൊലുസിനു പുനർസൃഷ്ടിയെന്നു
നീയറിഞ്ഞോ?
ഇത്ര ക്രൂരമാം വിധിയവൾ നിന്നെ
ആഴത്തിൽ പുണർന്നതെന്തേ സഖീ !
ഇതു നിന്നേതു ജന്മത്തിൻ
ഫലമാണ് പെൺകൊടി .?
കരയേണ്ട നീയിന്നു തളരേണ്ട
ഇതു നിൻ വിധി തന്നെ
ഇതു നിന്റെ വിധി തന്നെയെൻ
പെൺകൊടി

**ജിഷ്ന ജയൻ വി.**
**(2013-2016)**

# എഴുത്താണി

രാവിലെ അലാറത്തിന്റെ പതുക്കെ പതുക്കെ ഉള്ള മൂളൽ കേട്ടാണ് ഉണർന്നത്. ഇന്നെന്തേ ആകെപാടെ ഒരു മടി.....................

അടുത്തു കിടക്കുന്ന കുഞ്ഞനെ നോക്കി.... ഇല്ല ഉണർന്നിട്ടില്ല..........രാത്രി വൈകിയാണുറങ്ങിയത്. എഴുന്നേൽക്കാൻ സാധ്യതയില്ല. എന്നാലും തന്റെ ചൂട് വിട്ടാൽ അറിയാറുള്ളതാണ്. ഉറക്കത്തിലും അവൻ രണ്ടു കണ്ണും തുറന്നു വച്ചിരിക്കുകയാണെന്നു തോന്നും.

മൊബൈൽ എടുത്തു നോക്കി. സമയം 6.30 കഴിഞ്ഞിരിക്കുന്നു. ഇപ്പോ പിന്നെ കലണ്ടറും അലാം ക്ലോക്കും, ക്യാമറയും, ടി.വി.യുമൊക്കെ മൊബൈൽ ആണല്ലോ. ചിന്തിച്ചു സമയം കളയാനില്ല. സ്വിച്ചിട്ടപോലെ എഴുന്നേറ്റു.

കുഞ്ഞൻ എണീക്കുന്നതിനു മുൻപ് എല്ലാം കഴിയണം.

5 മിനിറ്റ്. കുളിയും തേവാരവുമൊക്കെ കഴിഞ്ഞു.

ഒരു മണിക്കൂർ നിന്നു കുളിക്കാറുള്ളവളാ...... കുട്ടിയായപ്പോ കണ്ടില്ലേ കയറുന്നതും ഇറങ്ങുന്നതും അറിയേ ഇല്ല്യ.............. അമ്മ പറയാറുള്ളത് ഓർത്തു.

മുഖത്ത് ചെറിയൊരു ചിരി വന്നു.............

ഇല്ല..........അവൻ എണീറ്റിട്ടില്ല. തലയിണ കെട്ടിപിടിച്ചു ഉറങ്ങാണ്. നല്ല സ്വപ്നമാണ് കാണുന്നതെന്ന് തോന്നുന്നു. ഉറക്കത്തിൽ ചിരിക്കുന്നുണ്ട്.

നേരെ അടുക്കളയിലേക്ക്

ചട്ടിയും കലവുമൊക്കെ തട്ടീം..........മുട്ടീം...........നല്ല സ്പീഡ്

ഇടയ്ക്കിടെ സമയം നോക്കി. ഒരു അര മണിക്കൂർ കൂടി. എല്ലാം റെഡിയാകും.

അടുപ്പത്ത് മാവ് കോരിയൊഴിച്ചപ്പോഴെ സംശയം തോന്നി

ഉള്ളിൽ ഒരു കുത്തൽ :- ഒരു നീറ്റൽ പോലെ

ദോശയുടെ മൊരിയുന്ന മണം മൂക്കിൽ അടുക്കുന്നതിനു മുൻപേ അവൻ പുറത്തുചാടി.

ഒരു എഴുത്താണി ???

ഓർമ്മയുണ്ടോ എന്നെ.............

ആ ചോദ്യം തന്നെ വളരെ നാൾ പുറകോട്ടു കൊണ്ടുപോയി.

അതെ ഇവൻ തന്നെ................

ഒരുപാടു വേദികളിൽ തന്റെ കൂടെ ഉണ്ടായിരുന്നവൻ........രാത്രി വെളുക്കുവോളം വെട്ടിയും തിരുത്തിയും ജീവിതത്തിനു നിറം കോറിയിട്ടവൻ................

മറ്റുള്ളവരുടെ കണ്ണുപെടാതിരിക്കാൻ താൻ മാറോടു ചേർത്തു ഒളിച്ചുപിടിച്ചവൻ

അതെ തന്റെ പ്രിയപ്പെട്ട എഴുത്താണി.

ജീവിതത്തിന്റെ തിരക്കുപിടിച്ച ഓട്ടത്തിനിടയിൽ കൈവിട്ടു പോയവൻ. അത് മനപൂർവ്വമായിരുന്നോ.

എന്തേ ഇപ്പോ തിരിച്ചു വരാൻ...........ഇത്രയും നാൾ എവിടെയായിരുന്നു.................ഒരു നൂറായിരം ചോദ്യങ്ങൾ മനസ്സിൽ തലപൊക്കി തുടങ്ങിയിരുന്നു. മറുപടിയായി ഒരു കള്ളച്ചിരി ചിരിച്ച് അവൻ മിണ്ടാതെ നിന്നു.................എന്റെ കുഞ്ഞനെ പോലെ

കുറച്ചു നേരത്തെ നിശബ്ദതയ്ക്കു ശേഷം എഴുത്താണി പറഞ്ഞു ഒന്നു കാണണമെന്നു തോന്നി.

ദേവനായകിയും, മീരയുടെ ചേതനയും അരങ്ങു വാഴുന്ന ഈ കാലത്ത് അത്രയ്ക്കൊന്നും എത്തില്ലെങ്കിലും ഒരു നാലുവരി ഈ മടിച്ചികുട്ടിയെ കൊണ്ട് എഴുതിക്കണമെന്ന് തോന്നി. കുഞ്ഞനു വേണ്ടി ഒരു കുഞ്ഞിക്കഥയെങ്കിലും !

എന്റെ ചുണ്ടിൽ ഒരു മന്ദഹാസമുണ്ടായി, കൺകോണിൽ ഒരു തുള്ളി കണ്ണീരും

നീയുമെനിക്കെന്റെ കുഞ്ഞനെ പോലെയാണ്. എഴുത്താണിയെ വാരിയെടുത്തു നെഞ്ചോടു ചേർത്തു കുറച്ചു നേരം നിന്നു.

ഞങ്ങൾ മാത്രം...................ഒരുമിച്ച് ഓർമ്മകളിലേക്ക് ഒരു മടക്കം

അമ്മേ !!!

അമ്മേടെ കുഞ്ഞൻ എണീറ്റോ................ദാ വരുന്നൂ............

അപ്പോൾ കുഞ്ഞനുള്ള കുഞ്ഞിക്കഥയുടെ ആദ്യത്തെ വരി മനസ്സിൽ കോറിയിടുന്ന തിരക്കിലായിരുന്നു എഴുത്താണി.....................

**പ്രസന്ന ആർ. കോവത്ത്**
**(2007-2012)**

## The Rain

The rain
She sings, she sways
She flows with the hues of Heaven
Awakening the dormant to its
novice scripts
The horizons seemed washed
with its innovations!
The rain
She smiles, she shines
She inspires with the grace of love
Anointing the souls to its vibrant states
The life seemed blessed with
its transformations!
The rain
She laughs, she roars
She yawns with the thunders of panic
Annihilating the toxins to nitrogen sacks
The earth seemed replete with
its modulations!
The rain
She moans, she creeps
She floods with the grips of havoc
Advocating the humanity to
altruistic beats
The hearts seemed united with
its deadly mischief!
The rain
She deceives with oasis in desert dry
Affirming the greedy hands to
evil intentions
The mind seemed desperate with
its dirty tales!
The rain
She mocks, she thwarts
She fools with the tinge of new currencies
Avowing satires to unmask
the political Gods
The rain
She flirts, she fakes
She violates with the gaze of
lust insane
Abating the laws to her chaotic fate
The body seemed an inn with its
consumerizations!
The rain
She pleads, she wails
She shudders with the wounds
of poignant rape
Accompanying our conscious
to its jurisdiction
The media seemed bribed by thrones of
violence!
The rain
She acts, she plays
She disguises with prolix diverse roles
Admonishing creativity to profound
dramas
The world seemed an illusion with its
paradoxes!

**Dr. Smitha Rose C.G.**
**(2003-06)**

## ഒരു തുള്ളി നനവും തണുപ്പും

വെള്ളിനൂലായി വന്നു മണ്ണിനു
വെള്ളിച്ചിലങ്കയിട്ടവൾ
തുള്ളിപളുങ്കായ് ചില്ലയിൽ
പൊട്ടണിയിച്ചവൾ
പച്ചിലച്ചാർത്തിനു നനവുള്ള
കുപ്പായമിട്ടവൾ
മഴയായവൾ മാരിവില്ലായവൾ
മണ്ണിന്റെ മകളായവൾ...............

ഒരു രാവവളിവിടെ
മണ്ണൊഴുക്കി, മരവും പറിച്ചു
ചില്ലയൊടിച്ചിന്നവളൊഴുകി
അണപൊട്ടി, വഴിതെറ്റി
പുഴയും അലഞ്ഞു
വിറകൊണ്ടു മലകൾ
മലനാടും, പലനാടും

നാളെയിവിടെ പൊൻമണ്ണു ദാഹിച്ചു
കരയുമ്പോഴവളേകണം
തുള്ളി നനവും തണുപ്പും
ഇനിയിവിടെ പുഴ വയറൊട്ടി വരളുമ്പോഴ-
വളേകണം നീരുറവ തന്നുറവിടം
മഴ കണ്ണുനീരല്ല, പ്രളയമല്ല
പാലൂട്ടുന്ന സ്വാദും നിനാദവുമവൾ....................

**അഞ്ജന പി.എ**
**(2014-2016)**

# <u>പെയ്തൊഴിഞ്ഞ മഴ</u>

നിലയ്ക്കാത്ത നോവുപോലെ പെയ്തുവീഴുന്ന മഴ

മനസ്സിൽ പെയ്തൊഴിഞ്ഞ നിൻ ഓർമ്മകൾ

നിനക്കായ് കാതോർക്കുന്നു ഞാൻ

എന്നുവരും നീ എൻ ജീവനിൽ

ഞാൻ എൻ മൌനങ്ങൾ നീക്കിവെച്ചു

നിൻ നാദത്തിൻ കാലൊച്ചകേൾക്കുവാൻ

പെയ്തൊഴിഞ്ഞ മഴയെ

എന്നു വരും നീ എൻ ജീവനിൽ

മഴമേഘത്തുള്ളിയായ് നീ വരും നിമിഷത്തിൻ

മണ്ണിനെ വിട്ടകന്നുപോകുന്ന മഴയേ

കണ്ണിന് അനന്തമാം കുളിർമയേകുവാൻ

എന്നുവരും നീ എൻ ജീവനിൽ

ഇനിയും പുനർജ്ജനിക്കുമോ മേഘമേ

നിൻ മഴത്തുള്ളികളെ തേടുന്നവർക്കായ്

പെയ്തൊഴിഞ്ഞ മഴയേ

എന്നു വരും നീ എൻ ജീവനിൽ

**Tainu Ousey**
**(2008-2011)**

Congratulations to the Reverie Cover page designer Anha Fathima of III DC Microbiology (III DC Microbiology)

**Congratulations**



ATHIRA KRISHNAN

2014-2016 JRF, UGC,NET







Dr. Saritha Francis
(Dept. of Biotechnology)
Date of award : 14/03/2018
Subject : Biochemistry
PhD from Calicut University
**Titile:** Defining the criteria for Reference Interval calculation of selected Clinical Biochemistry analytes for identification of predisposition to disease and their risk calculation'.

Dr. Dhanya Shankar K S
Subject : Economics
Date of award: 16/10/2018
**Titile:**Deprivation among shedule caste population in Kerala
PhD from Calicut University

Dr.Sr. Smitha Rose C G- Sr. Jesual
(Dept. of Mathematics)
Date of award : 21/04/2018
Subject : Mathematics
**Title:** A Study on Certain Chromatic Parameters and Polynomials of Graphs
University: CHRIST (Deemed to be University), Bangalore

## Placements

Dept of Vocational studies

**Multimedia:**

| | | |
|---|---|---|
| ANILA RAJAN | Multimedia | Creative Castle,Thrissur. |
| FINNY RAPHAEL | Multimedia | Valappila Communication |
| ANJANA SHAJU | Multimedia | Creative Castle,Thrissur. |
| ANNMARY WILSON | Multimedia | Creative Castle,Thrissur. |
| ARUNIMA VISWANATHAN E | Multimedia | Creative Pencil, Thrissur |
| ASWATHY K N | Multimedia | Vcv Channal,Wadakanchery |
| AYANA M A | Multimedia | Trade Kerala,Thrissur |
| CATHRIN BABY | Multimedia | Tcv Channel |
| DISHNA RAPHY | Multimedia | Lavender Interior |
| JASMIN JOSE | Multimedia | Sony Studio |
| JOTHYSREE PALAZHI | Multimedia | Core Board Entertinment Advt |
| MRUDHULA P K | Multimedia | Groovy Interiors |
| POOJA KALYAN | Multimedia | Play Media, Thrissur |
| RESHMA R KRISHNAN | Multimedia | PG Digital Animation |
| SEETHAL GRACE XAVIER | Multimedia | Couch Potoatos |
| SHILPA SATHYAN | Multimedia | Dair Farm Course |
| SONIYA P JOHNSON | Multimedia | Play Media, Thrissur |

**Software Development:**

| | | |
|---|---|---|
| Evan Maria | ICICI Prudential PVT LTD,Thrissur | Trainee |
| Sanjana .I.S | Adone Agate Entrepreneures Pvt.Lmtd | Android Developer Trainee |
| Shiya Wilson | SMART Infoprism. M G Road, Thrissur | Computer Language Instructor |
| Priya K Babu | Akshaya Center, Marathakkara, Thrissur | Computer Operator |
| Vaijayanthi.V.J | Crypters Infosystem and solutions, Thrissur | Junior Devloper |
| Sreesha Padmanabhan | Crypters Infosystem and solutions, Thrissur | Junior Devloper |
| Lena.T.D | Prompt Digital Kuruppam Road, Thrissur | Data Convertion and Layout Designing |

| | | |
|---|---|---|
| Jaina Joy | Johns Honda ,Puzhakkal , Thrissur | Data Entry Operator |
| Smily Varghese | Sign Of Ads | Acountant |
| Lorna Francis | Sign Of Ads | Digital Marketing |
| Rose P S | Sign Of Ads | Digital Marketing |

**History:**

| | | | |
|---|---|---|---|
| Anupama S | 2018 | Government of Kerala | Civil Officer |
| Remya CR | 2018 | Government of Kerala | HSST |

**Management Studies:**

| | | | | |
|---|---|---|---|---|
| Briji Maria | 2015-2018 | Excel Academy | Private Sector |  |
| Karishma K R | 2015-2018 | HDFC Bank | Private Sector |  |

**Commerce**

Anju V. K 2012-2015 Harvest



Anjani Antony 2016-2018 St' Marys college



Femi A.S 2016-2018 J & M logistics



DelmaPulikottil D 2015-2017 St’ Marys college



Femi moni 2015-2017 St’ Marys college



Jinu Rose P.K 2015-2017 Paramekkavu college



| | | |
|---|---|---|
| LubanaJainney | 2015-2017 | St' Thomas College |



| | | |
|---|---|---|
| BlessyJob | 2015-2017 | Little Flower college |



| | | |
|---|---|---|
| Steffychirapanath | 2015-2017 | Emerson company Dubai |



| | | |
|---|---|---|
| Haritha Chandrasekhar | 2016-2018 | KosamattomFincorp |



| | | |
|---|---|---|
| Amurtha I.P | 2016-2018 | HDFC life |



Dona K Job 2016-2018 Indian Navy

Greeshma V. A 2016-2018 Swasrya Special School



Greeshma P.B 2016-2018 Aryabhatta college



Sreeragi M 2014-2016 St’ Marys college



**Psychology:**

| | | | | |
|---|---|---|---|---|
| Renya C.V. | 2016 -2018 | Voluntary Psychologist - Govt. Mental Health Centre, Thrissur | Government |  |

| | | | | |
|---|---|---|---|---|
| Sunaina M Sulaiman | 2016 -2018 | Voluntary Psychologist - Govt. Mental Health Centre, Thrissur | Government |  |
| Shafna N. K. | 2016 -2018 | Voluntary Psychologist - Govt. Mental Health Centre, Thrissur | Government |  |
| Sadiya Bathul P | 2016 -2018 | Psychologist - Snehanilayam Medical Centre, Pattambi | Private |  |
| S. Devika | 2016 -2018 | Trainee - Manipal Hospital, Bangalore | Private |  |
| Sumaya P.S. | 2016 -2018 | Trainee - SPELL Learning Support Centre, Shanthipuram, Kodungallur | Private |  |

| | | | | |
|---|---|---|---|---|
| Whylgreen Jose | 2014-2016 | Assistant professor on contract | St.Mary College,Thrissur |  |
| Sr.Delfeena Thomas | 2014-2016 | Teacher | De Paul Public school,Maharashtra |  |
| Rispa Jhons | 2016-2018 | Botanist | Sitharam ayurveda pharmacy |  |

Congratulations:

NET ACHIEVERS (2016-2018)

ANJANI ANTONY



HARITHA CHANDRASEKHAR



CINJU THAMBI

## പ്രളയം

പച്ചയായ ജീവിത മുഖങ്ങൾ
കൺമുന്നിൽ നിറഞ്ഞാടവെ
എന്ത് ജാതി, എന്ത് മതം
മനുഷ്യനെന്നു തിരിച്ചറിഞ്ഞു ഞാൻ

പ്രാണവായു ശ്വസിക്കാൻ
ഞാൻ ഞാനായെന്നും നില്ക്കാൻ
പ്രകൃതിതൻ കനിവു കാത്തു
എത്ര എത്ര ദിനങ്ങൾ


എൻ കൂരയിൽ അന്തിയുറങ്ങുവാൻ
എൻ പ്രിയരോടൊത്ത് വസിക്കുവാൻ
എന്റെ വീടും തൊടിയും കാണുവാൻ

മനുഷ്യക്കൂട്ടങ്ങളിൽ കണ്ടു ഞാൻ എന്റെ സ്വന്തം മുഖം

തിരിച്ചറിയേണ്ടു നമ്മൾ
തിരിച്ചറിയേണ്ടതെന്തെന്ന സത്യം
മനുഷ്യനാണ് ഞാൻ
വെറും ഒരു മനുഷ്യൻ.................

**ജിജി ഫ്രാൻസിസ് ഇ**
**(2006-2001) .**

**Inauguration of Cancer Dtection Camp by Sr. Dr. Lekha CMC, Social councillor, Nirmala Province**




**Cancer detection camp onducted on 12, January 2019 at St. Mary's College, Thrissur**







# ബോഗൻവില്ലകൾ പൂക്കുമ്പോൾ

അലസമായി വീശുന്ന കാറ്റിൽ, മുറ്റത്ത് തെന്നിമാറുന്ന ബോഗൻവില്ല പൂക്കളെനോക്കി ചെറുപുഞ്ചിരിയോടെ ആസ്വദിച്ചു നിൽക്കുന്ന ലോനപ്പനെ കണ്ടപ്പോൾ മേരിക്കുട്ടിയ്ക്കു അരിശം വന്നു.

"ഈ മുറ്റം മുഴുവൻ ഞാൻ തന്നെ വേണം അടിച്ചുവാരാൻ. ഈ വയസ്സുകാലത്ത് വേറെ ആരുണ്ട് എന്നെ സഹായിക്കാൻ? ഞാൻ അപ്പഴേ പറഞ്ഞതാ ഇതൊന്നും ഇവിടെ വേണ്ടെന്ന്. വെറും ഇല ചെടിയാണേൽ ഇത്ര പ്രയാസമില്ല. നല്ല നീളൻ മുള്ളുകൾ ഉള്ള ഈ ചെടി വീടിന്റെ ഉമ്മറത്തിരിക്കുന്നതുതന്നെ ദോഷമാ. ആരു കേൾക്കാൻ ആരേലും ഇതുവെട്ടി കത്തിയ്ക്കാമെന്നു വെച്ചാൽ ഈ മുൾച്ചെടി തൊടാൻ തന്നെ നല്ല കാശു കൊടുക്കണം."

മേരിക്കുട്ടിയുടെ പിറുപിറുക്കൽ ലോനപ്പൻ ചേട്ടനു പുത്തരിയൊന്നുമല്ല. കടുത്ത വേനലിലും വസന്തം വിരിയിക്കുന്ന ഈ മുൾചെടിയെ അവൾക്കു ഇഷ്ടമല്ല. എങ്കിലും അവളെ ഒരൽപ്പംകൂടി ദേഷ്യപ്പെടുത്തണമെന്നു തോന്നി. "അല്ലേലും റബറുമാത്രം കണ്ടു വളർന്ന നിനക്ക് പൂക്കളുടെ ഭംഗിയെപ്പറ്റി എന്തറിയാനാ? ഓ നീ മുറ്റം അടിയ്ക്കൊന്നുമേണ്ട. അല്ലേലും ഇവിടെ ആരു വരാൻ? ഞാനും നീയും പിന്നെ ഒരു പൊട്ടനും!"

ശുണ്ഠിപിടിപ്പിക്കാൻ പറഞ്ഞതാണെങ്കിലും മേരിക്കുട്ടിയുടെ മുഖം മ്ലാനമാവുന്നതു ലോനപ്പൻ കണ്ടു. അവളുടെ ശ്രദ്ധമാറ്റാൻ എന്നവണ്ണം അയാൾ പറഞ്ഞു.

"നീ എനിക്കൊരു ചായ എടുത്തേ.... " നനവു പടർന്ന അവരുടെ നയനങ്ങൾ സാരിയുടെ തലപ്പുകൊണ്ട് തുടയ്ക്കുന്നതു കണ്ടെങ്കിലും, പിന്നെ ഒന്നും പറയുവാൻ ലോനപ്പനു മനസ്സുവന്നില്ല. ഋതുക്കൾ, വർഷങ്ങൾ എന്നിവയൊന്നും അധികം പരുക്കേൽപ്പിക്കാത്ത ആ വയസ്സൻ വീടിനെ ലോനപ്പൻ അടിമുടി നോക്കി. പത്തിരുപതു വർഷമായി ഈ വീട്ടിൽ താമസം ആരംഭിച്ചിട്ട്, അല്ല ജോമോന്റെ പ്രായം.

മുപ്പത്തിയഞ്ചു വയസ്സ്! മേരിക്കുട്ടിയുമായുള്ള വിവാഹം കഴിഞ്ഞ് അധികം വൈകാതെ ഇവിടേയ്ക്കു വന്നു. കുടുംബവീട്ടിൽ നിന്നു കിട്ടിയതും മേരിക്കുട്ടിയുടെ പൊന്നുമെല്ലാം സ്വരുക്കൂട്ടി ഉണ്ടാക്കിയ എന്റെ അല്ല ഞങ്ങളുടെ ആദ്യസമ്പത്ത്. ഈ വീട്ടിൽവച്ചാണ് ജോമോൻ ജനിച്ചത്. അതിനുശേഷം ജോണിയും. ജീവിതത്തിന്റെ നിറം ഏറ്റവും പ്രശോഭിച്ച കാലമായിരുന്നു അത്. എത്ര പെട്ടെന്നാണ് അത് മങ്ങിതുടങ്ങിയത്. ശരിക്കും പറഞ്ഞാൽ ജോണി ജനിച്ചശേഷം........ രണ്ടു വയസ്സിനുശേഷവും അവൻ സംസാരിച്ചു തുടങ്ങിയിട്ടില്ല......ചിലർ ആശ്വസിപ്പിച്ചു.. ചിലകുട്ടികൾ ഇങ്ങനെയാണ് ഇതൊന്നും അത്ര വലിയ പ്രശ്നമല്ല. അതൊക്കെ താനേ ശരിയാകും.

പട്ടണത്തിലെ ആശുപത്രിയിൽ മോനെ കാണിച്ചപ്പോഴാണ് ഒരു ഇടിമിന്നൽപോലെ ആ വാക്കു കേട്ടത്

"മോനു ഓട്ടിസമാണ്"

ആദ്യം ഒന്നും മനസ്സിലായില്ല. പിന്നെപിന്നെ പതിയെ കാര്യം ബോധ്യമായി ജോണിമോൻ മറ്റു കുട്ടികളിൽ നിന്നു വ്യത്യസ്ഥനാണ്

സംസാരത്തിൽ...........
പെരുമാറ്റത്തിൽ............
ദിനചര്യയിൽ..........

മേരിക്കുട്ടിയ്ക്കു അത് ഒരിക്കലും ഉൾകൊള്ളാൻ കഴിഞ്ഞില്ല. അവൾ കരഞ്ഞു, പിന്നെ അതു ദേഷ്യമായി....

വീടിന്റെ വാസ്തുവായിരുന്നു മേരിയുടെ പ്രശ്നം. ആരൊക്കെയോ പറഞ്ഞൂത്രേ, മുള്ളുകളുള്ള ചെടികൾ വീടിന്റെ ഉമ്മറത്തു പാടില്ല എന്ന്.

“മുള്ളുകൾ” ലോനപ്പൻ അറിയാതെ ഒന്നുരുവിട്ടു. ജീവിതം എന്ന വടവൃക്ഷത്തിൽ ആരാലും ക്ഷണിക്കാതെയും മെനയാതെയും ഉണ്ടാകുന്ന മുള്ളുകൾ.

പിന്നീടു അവളുടെ ശ്രദ്ധ മുഴുവൻ ജോമോനിലായിരുന്നു. അവൻ സമർത്ഥനായിരുന്നു പഠനത്തിലും, പാഠ്യേതര വിഷയങ്ങളിലും. പതിയെപ്പതിയെ ജോണിയെക്കുറിച്ച് ആരും ചിന്തിക്കാതെയായി. അവൻ നിശബ്ദം ചലിച്ചു. ആരും അവനെ ഗൌനിച്ചില്ല. നാലാൾ കൂടുമ്പോൾ അരികെ ജോമോനെ പിടിച്ചു നിർത്തുമായിരുന്നു. അവനെ പ്രശംസിക്കാനായിരുന്നു പിന്നീട് ഞങ്ങൾ മത്സരിച്ചിരുന്നത്. ജോമോനെ ചുറ്റും വലംവയ്ക്കുന്ന ഉപഗ്രഹങ്ങളായി ഞങ്ങൾ മാറി എന്ന യാഥാർത്ഥ്യം വളരെ വൈകിയാണ് താൻ മനസ്സിലാക്കിയതെന്ന് ലോനപ്പൻ ഗദ്ഗദത്തോടെ ഓർത്തു.

“അവനു ഒരു ബൈക്ക് വേണം. അവന്റെ എല്ലാ കൂട്ടുകാർക്കും ഉണ്ടെന്നേ, നിങ്ങൾ അവനൊരു അമ്പതിനായിരം രൂപ കൊടുത്തേ.”

മേരിക്കുട്ടിയുടെ ഈ വാക്കുകൾ വളരെ അമ്പരപ്പോടെയാണ് ലോനപ്പൻ കേട്ടത്

“മേരിക്കുട്ടി നീ എന്തറിഞ്ഞാ സംസാരിക്കുന്നേ. ഈ വർഷത്തെ കൃഷിയെല്ലാം വളരെമോശമായിരുന്നില്ലേ. ഇത്രയും തുക എവിടെന്നാ സംഘടിപ്പിക്കുന്നേ”

എവിടെന്നാണേലും വേണ്ടില്ല, ആകെയുള്ള ഒരു മിടുക്കൻ ചെക്കനാ.... അവനാ ഈ വീടുനോക്കേണ്ടത്. പിന്നെയുള്ളത് ഒരു പൊട്ടനാ............ എന്നെക്കൊണ്ടൊന്നും പറയിപ്പിക്കേണ്ട...............

അതു ശരിയാ ആർക്കുവേണ്ടിയാ ഈ സമ്പാദിക്കുന്നേ. അവനാ എന്റേയും ഒരു ബലം. ബൈക്കു വാങ്ങിയതിനുശേഷം ഞായറാഴ്ച അമ്മയും മകനും പള്ളിയിൽ പോകുന്നത് കാണാൻ നല്ല ചന്തമാ........... മകൻ കറുത്ത കണ്ണടയുമായി ഗമയിൽ, പിന്നിൽ അവൾ മകനെ പൊത്തിപ്പിടിച്ച്...........

ആ രംഗമൊന്നു കാണണം ലോനപ്പൻ പതിയെ ഒന്നൂറി ചിരിച്ചു. പിന്നെപിന്നെ ആ കാഴ്ചയുമില്ലാതെയായി, പള്ളിയില്ല, പട്ടക്കാരനില്ല. ആകെയുള്ളത് കൂട്ടുകാർ. അവരോടൊത്തായി കറക്കം. ദൂരെയുള്ള സ്ഥലങ്ങൾ കാണുവാൻ കൂട്ടുകാരുമായുള്ള യാത്രകൾ........ അങ്ങനെ ഒരു യാത്രയ്ക്കിടയിൽ അവനും.................

ഓർത്തെടുക്കാൻ വയ്യാതെ ലോനപ്പൻ പതുക്കെ തൊടിയിലേക്കിറങ്ങി. അവനുവേണ്ടി എടുത്ത ബാധ്യതകളുടെ ഭാണ്ഡകെട്ടുമായി........... നിത്യവൃത്തിയ്ക്കു കഷ്ടപ്പെടുന്ന ഒരപ്പൻ.............

ഒന്നും പ്രതീക്ഷിക്കാൻ ഇല്ല.
ഒരു കാൽപെരുമാറ്റം കേട്ടാണ് ലോനപ്പൻ തിരിഞ്ഞു നോക്കിയത്. വികാരിയച്ചനാണ്.

"ഈശോമിശിഹായ്ക്കു സ്തുതിയായിരിക്കട്ടെ" ലോനപ്പൻ അച്ചനെ വിനയപൂർവ്വം തൊഴുതു. "ഇപ്പോഴും എപ്പോഴും സ്തുതിയായിരിക്കട്ടെ." "എന്താ ലോനപ്പാ വിശേഷങ്ങൾ?" "ഓ, എന്തു പറയാനാ അച്ചോ കൃഷിയെല്ലാം മോശമാണെന്നേ"

"അല്ലേലും കൃഷിയെമാത്രം ആശ്രയിച്ച് നമ്മുടെ നാട്ടിൽ കഴിയാൻ ഇനി ബുദ്ധിമുട്ടാ. ലോനപ്പൻ ചേട്ടന്റേയും കുടുംബത്തിന്റേയും അവസ്ഥ എനിക്കറിയാം. അതുകൊണ്ട് ഞാൻ വന്നത് ജോണിക്കൊരു ജോലികാര്യം പറയാനാ...."

"എന്ത്.......... ആ പൊട്ടനോ..........ജോലിയോ............"

ലോനപ്പൻ ചേട്ടന് അത് വിശ്വസിക്കാനായില്ല.

"പൊട്ടനോ.......................അവനോ...................."

അച്ചന്റെ മുഖം ചുവക്കുന്നതു ലോനപ്പൻ കണ്ടു.

"അവനെപറ്റി നിങ്ങൾക്കെന്തറിയാം......... പള്ളിമേടയിൽ എന്നെ സഹായിക്കുന്ന പയ്യനാ അവൻ........... അവനെ നിങ്ങൾക്കു മിടുക്കനാക്കാനറിയില്ല............. എനിക്കറിയാം..... നാളെമുതൽ പള്ളിയിലെ തോട്ടക്കാരനായി അവൻ വരട്ടെ. അവന്റെ ശമ്പളം ഞാൻ ഇവിടെതരാം. ഇതറിയിക്കാനാ ഞാൻ ഇത്രയിടം വന്നേ.......... അന്നാ ശരി ലോനപ്പാ"

അച്ചൻ വീട്ടിൽ നിന്നും ഇറങ്ങി നടക്കുമ്പോൾ മുറ്റത്തെ ബോഗൺവില്ല പൂക്കൾ തെന്നിമാറുന്നത് ലോനപ്പൻ അമ്പരപ്പോടെ നോക്കിനിന്നു.

**എലിസബത്ത് പി. തോമസ്**
**(2001-2006)**

## <u>ഭ്രമണം</u>

ആരാരുടെയും പകരമല്ലെന്നെല്ലാം
ഓതുന്നതൊക്കെ വൃഥാവിലെന്നാണല്ലോ
ഓരോരോ ജീവിതമോതുന്ന ഗാഥകൾ
ഉദ്ബോധിപ്പിക്കുന്നു നമ്മെളെയെന്നുമേ

ഞാനില്ലാതെയെൻ കാലമിതുരുളുമോ
എന്നയാകുലതകൾ എല്ലാം വെറുതെയാ

ണെന്നറിയിക്കുമാ മിന്നലറിവുകൾ
ഏകുന്നതില്ലൊട്ടും ആശ്വാസമെന്നുമേ

എല്ലാം കണികകൾ തൻമാത്ര എന്നൊക്കെ
ശാസ്ത്രം പറഞ്ഞോട്ടെ ആശ്വാസവാക്കിനായ്
ജീവനചക്രം മുന്നോട്ടുരുളുമ്പോൾ
മായയാം ഭ്രമ്യാത്മകത തന്നെ സുഖം

**ഭ്രമം**

കാഴ്ചയകലങ്ങളുടെ ദൂരദർശിനികളോ
കാഴ്ച കൂട്ടുന്നൊരീ സൂക്ഷ്മദർശിനിയിതോ
മാറ്റുന്ന കാഴ്ചകളും കാഴ്ചപ്പാടതും
മാറ്റുന്നില്ലഹം എന്ന സ്വത്ബോധത്തെ
ബോധവാതായനം തള്ളിതുറക്കുവാൻ
ആവുന്നില്ലയൊരു പഞ്ചേന്ദ്രിയത്തിനും
സമയമാം കാലമാം അറിവുകൾക്കേതിനും
അപ്രാപ്യമായൊരു ബോധസ്വത്വത്തിനെ
ഞാനെന്ന ബോധത്തെ വ്യതികരിച്ചറിയുവാൻ
ഇനിയെന്ത് എങ്ങിനെ എപ്പോൾ എന്നാകുലം
ഞാനിരിക്കെ ഞാനറിയുന്നു
അറിയുവാൻ സാധിക്കയില്ലീ പ്രപഞ്ചത്തിലൊന്നുമെ
അതിലാദ്യം ഞാൻ തന്നെയെന്നയൊരറിവല്ലൊ
ഭ്രമിപ്പിക്കുന്നു ബോധ അബോധ ദ്വയങ്ങളെ

**Dr. Dhanya K C (2001-2004)**

## Treasurer presenting the financial report



## CHEMFACTS

Chemistry I indeed in our every day. You yourself are a big bag of chemicals. You find chemistry in the foods you eat, the air you breathe, cleaning chemicals, your emotions or literally every objects you can see or touch. Let's find out the chemistry in our everyday life.

- Your Body :Your Body is mostly water which is hydrogen & oxygen. Almost 99% of mass of human body is made of six elements. Oxygen, carbon, hydrogen, nitrogen, calcium & Phosphorous.
  Feeling Hungry: When you feel hungry the hormone ghrelin is secreted by the stomach that triggers hunger it stimulates the release of the growth hormone. So the next time your stomach growls grab a bite because if you fast or skip meals more Ghrelin is produced thus increasing your craving for food.
- Tears & Crying : Sometime crying is a natural reflex emotional tears contain more manganese, an element that effect temperament & more prolactin that regulates milk production. This elimination of manganese and prolactin is thought to ease out tension building up in the body & you feel energized. So the next time you feel low & need to vent your emotions, just cry!
- Sad eyes : When you cut onions you break the cells that forms the layer of an onion thus releasing an enzyme Allinase that reacts with a sulfur-containing compound known as prensco, which is also released while cutting.This reaction sulfenilicacid is produced.
- Nail paint removers : It consists of 3 ingredients organic solvents and drying agents, thickeners & hardening agents and coloring agents. The remover is actually an organic solvent that is used as an ingredient which may be acetone or ethyl acetate. So when you apply the remover the solvent molecule in blue the chains of polymers and separate them making it's easy to wipe off.
- The smell of rain : Geosmin has a distinct earthy flavor and aroma and is responsible for the earthy taste of the beets & a contributor to the scent (perichor) in the air when the rain falls after a dry a spell of weather. It is produced by an antibactiria.
- Odor of body : Perspiration is a way in which body cool itself. Body odor mainly originates from the apocrine glands which are found in the armpits, ears, breasts, the genitals & hair follicles that become active the onset of puberty. The sweat that these glands release is slight yellow in color due to the

presence of fattijacids& proteins in it. The bacteria that thrive on our stein break down the secretion of apocrine glands & create smelly odors.

If you place a ripe banana next to a green tomato, the tomato will ripen due to ethylene gas produced by banana.

- How sunscreen works on our body : Sunscreen combines organic and inorganic chemicals to fitter the light from the sun so that less of it reaches the deeper layers of your skin. Sunblock on the other hand reflects or scatters the light away so that it does not reach the skin at all the reflective particles in it are Zincoride or Titanium oxide. The organic particles like Para Amino Benzoic Acid (PABA), Cinnamater, Benzophenone, Anthranilates & Ecamsules absorb UV rays & release them as heat.
- Time to go to the bed :
  Sleep: There's a chemical in our brain called adenosine that binds to certain receptors & slows down nerve cell activity when we are sleeping.

Therefor one can sec that chemistry is on the whole in everyday life. Without chemistry life is not possible. Therefore chemistry is a great way to know the life in a better way. Chemistry may be enjoyable to anyone, but be careful about the harmful thing of chemistry.

**AiswaryaChandran**

**(2013-2016)**

## <u>ഭൂമിയുടെ തലയെടുപ്പ്</u>

- ❖ ഭൂമിയിലെ ഏറ്റവും ഉയരം കൂടിയ കൊടുമുടി - എവറസ്റ്റ്
- ❖ എവറസ്റ്റ് സ്ഥിതി ചെയ്യുന്നത് - നേപ്പാൾ
- ❖ നേപ്പാളിൽ എവറസ്റ്റിനെ വിളിക്കുന്നത് - സാഗർ മാതാ
- ❖ ടിബറ്റിൽ വിളിക്കുന്ന പേര് - ചോമോലാങ്മ
- ❖ സർവ്വേ വകുപ്പ് നാമകരണം ചെയ്തിരിക്കുന്നത് - പീക്ക് XV
- ❖ എവറസ്റ്റിന് പീക്ക് XV എന്ന പേര് നൽകിയത് - ബ്രിട്ടീഷ് ഇന്ത്യയിലെ സർവ്വേയർ ജനറലായിരുന്ന സർ ജോർജ്ജ് എവറസ്റ്റ്
- ❖ ലോകത്തിലെ ഏറ്റവും ഉയരം കൂടിയ കൊടുമുടിയായി ആദ്യമായി തിരിച്ചറിഞ്ഞത് - രാധാനാഥ് സിക്ദർ (1852)
- ❖ എവറസ്റ്റ് കൊടുമുടിയുടെ ഉയരം - 8850 മീറ്റർ
- ❖ എവറസ്റ്റ് ആദ്യം കീഴടക്കിയത് - 1953 മെയ് 29ന് രാവിലെ 11.30ന് ന്യൂസിലണ്ടുകാരനായ എഡ്മണ്ട് ഹിലാരിയും നേപ്പാൾക്കാരൻ ടെൻസിങ്ങ് നോർഗയും ചേർന്ന്.

- എവറസ്റ്റ് കീഴടക്കിയ ആദ്യവനിത - ജപ്പാൻകാരി ജാങ്കോതാബേ (1975 മെയ് 16)
- എവറസ്റ്റ് കീഴടക്കിയ ആദ്യത്തെ അന്ധൻ - എറിക് വെയിൻ മേയർ (2001 മെയ് 25 USA)
- എവറസ്റ്റ് കീഴടക്കിയ ആദ്യത്തെ ഇന്ത്യൻ വനിത - ബചേന്ദ്രിപാൽ (1984 മെയ് 17)
- ഭൂമിയിലെ ഏഴ് ഭൂഖണ്ഡങ്ങളിലുള്ള ഏറ്റവും ഉയരമുള്ള കൊടുമുടികളെ വിളിക്കുന്ന പേര് - സപ്ത ശൃംഖങ്ങൾ
- സപ്ത ശൃംഖങ്ങൾ ഇവയാണ്: 1)എവറസ്റ്റ് (ഏഷ്യ) 2)എൽബ്രൂഡ് (യൂറോപ്പ്) 3)കിളിമജ്ജരോ (ആഫ്രിക്ക) 4)മക് കിൻലി (വടക്കേ അമേരിക്ക) 5)അക്കോൻകാഗ്വ (തെക്കേ അമേരിക്ക) 6)കോസി യുസ്കോ (ആസ്ത്രേലിയ) 7)വിൻസൺ മാസ്സിഫ് (അന്റാർട്ടിക)
- ഭൂമിയിലെ ഏറ്റവും ഉയരം കൂടിയ രണ്ടാമത്തെ കൊടുമുടി - കെ.2 അഥവാ ഗോഡ് വിൻ അസ്സൻ - 8611 മീറ്റർ

**സരിത ഫ്രാൻസിസ്**

**(2000-2003)**

## മഴയും പുഴയും ഞാനും
## (പ്രളയാനുഭവം)

2018 ആഗസ്റ്റ് 15 - നമ്മുടെ നാട് സ്വാതന്ത്ര്യത്തിന്റെ മധുരസ്മരണകൾ ആഘോഷിക്കുന്ന ദിവസം. ആഘോഷം അലങ്കോലമാക്കാൻ എന്നപോലെ രാവിലെ മുതൽ തോരാമഴ പെയ്തുകൊണ്ടിരുന്നു. തലേദിവസം തന്നെ ജലാശയങ്ങളും പുഴകളും മറ്റും നിറഞ്ഞു കവിയാറായെന്ന വാർത്തകേട്ടിരുന്നു. നിറഞ്ഞ് ഒഴകുന്ന പുഴ കാണുന്നത് എപ്പോഴും സന്തോഷം തന്നെ. ഏതായാലും വീട് വരെ ഒന്നുപോയിവരാമെന്ന് കരുതി, തൃശ്ശൂരു നിന്ന് മലപ്പുറത്തേക്ക് യാത്ര തിരിച്ചു. സൂപ്പർഫാസ്റ്റ് ബസിൽ രണ്ടരമണിക്കൂർ യാത്ര മതി വീട്ടിലെത്താൻ. റോഡൊഴികെ മറ്റെല്ലായിടത്തും വെള്ളം തന്നെ. ബസ്സ് ഒച്ചിനെപ്പോലെ ഇഴഞ്ഞും വെള്ളത്തിലൂടെ നീന്തിയും ഒരുവിധം കുറ്റിപ്പുറം പാലംവരെ എത്തി. പാലത്തിന് ഒരാൾ താഴ്ച്ചയിൽ കുതിച്ചൊഴുകുന്ന പുഴ കണ്ട് ശരിക്കും ഭയന്നുപോയി. ഇങ്ങനെ ഒരു കാഴ്ച ഇതുവരെ കണ്ടിട്ടില്ല. ദൈവമേ! എങ്ങനെ ഈ പാലം കടക്കും എന്ന് വിചാരിച്ചപ്പോഴേക്കും ബസ്സ് പാലത്തിൽ കയറി. കണ്ണടച്ച്, ആപത്തൊന്നും വരുത്തല്ലെ എന്ന് പ്രാർത്ഥിച്ച്കൊണ്ടിരുന്നു. ഹാവൂ! പാലം കടന്നുകിട്ടി. ആശ്വാസമായി. ബസ്സിൽ കുറേപ്പേർ മൊബൈൽഫോൺ നോക്കിക്കൊണ്ട് ഇരുന്നിരുന്നു. ഞങ്ങൾ പാലം കടന്നപ്പോഴേക്കും, കുറ്റിപ്പുറം പാലം ഉടനെ അടയ്ക്കും എന്ന വാർത്തകിട്ടി. മാത്രമല്ല പട്ടാമ്പി-പെരിന്തൽമണ്ണ റോഡിലെ പാലം മുങ്ങിപ്പോയതുകൊണ്ട് ആ വഴി ബസ്സ്പോകുന്നില്ലെന്നും കേട്ടു. ആകെ പരിഭ്രമമായി. വരേണ്ടിയിരുന്നില്ല എന്ന് നൂറുവട്ടം ചിന്തിച്ചു. കായൽപോലെ കാണപ്പെട്ട പാടങ്ങളും പറമ്പുകളും വെള്ളം കയറിയ റോഡുകളും താണ്ടി ബസ്സ് ലക്ഷ്യസ്ഥാനത്തെത്തി. 1½ മണിയോടെ ഞാൻ വീട്ടിലെത്തി.

കടലുണ്ടിപ്പുഴയുടെ ഭാഗമായ ഞങ്ങളുടെ പുഴയുടെ തുടക്കം കരുവാരക്കുണ്ട് മലകളിൽ നിന്നാണ്. ഏകദേശം 25-30 കി.മീ. കിഴക്കാണ് ഈ സ്ഥലം. പുഴയിൽ

നിന്ന് 100 മീറ്ററോളം അകലത്തിലാണ് ഞങ്ങളുടെ വീട്. നഗരഹൃദയത്തിൽ നിന്നും ഒരു കിലോമീറ്റർ മാത്രം അകലെ കിടക്കുന്ന ഈ സ്ഥലം ഒരു പച്ചത്തുരുത്താണ്. പണ്ടുകാലത്ത് ഒരു പക്ഷേ ഇതൊരു ചതുപ്പു നിലമായിരിക്കാം; താമരക്കുഴി എന്ന സ്ഥലപ്പേരിൽനിന്ന് ഊഹിക്കുന്നതാണ്. എന്തായാലും നഗരത്തിൽ നിന്ന് അല്പം താഴ്ന്നു കിടക്കുന്ന സ്ഥലമാണിത്. അടുത്തകാലത്ത് പണിതപാലത്തിലേക്ക് റോഡ് പണിതപ്പോൾ ഞങ്ങളുടെ വീട് അല്പംകൂടി താഴ്ച്ചയിലായി. ഇരുനില വീടിന്റെ ചുറ്റും ധാരാളം മരങ്ങൾ ഉണ്ട്. പ്ലാവുകൾ, മാവ്, സപ്പോട്ട, ചാമ്പ, തെങ്ങ്, കവുങ്ങ് എന്നിവയ്ക്ക് പുറമെ മണിമരുത് (രണ്ടുമാസക്കാലം വയലറ്റ് പൂക്കുട ചൂടി നില്ക്കും) കണിക്കൊന്ന, ചെമ്പരത്തികൾ, മുല്ലകൾ, പുല്ലാനിവള്ളികൾ (മണവും ഭംഗിയുള്ള റോഡും വെള്ളയും പൂങ്കുലകൾ തലകീഴായി കിടക്കും), പാഷൻഫ്രൂട്ട് വള്ളികൾ എന്നിങ്ങനെ നട്ടുനനച്ചും തന്നെയും വളർന്നുവന്ന ചെടികളും മരങ്ങളും എല്ലാം നിറഞ്ഞു നിൽക്കുന്ന ഈ പ്രദേശത്തെ മിക്ക വീടുകളിലും ഇങ്ങനെയൊക്കെയുണ്ട്.

ഞാൻ വീട്ടിലെത്തുമ്പോൾ മുറ്റത്ത് ½ അടി വെള്ളമുണ്ട്. മഴവെള്ളംപോലെ തെളിഞ്ഞവെള്ളം. പിന്നെപ്പിന്നെ വെള്ളത്തിന്റെ നിറം മാറിത്തുടങ്ങി. മാത്രമല്ല, കരുവാരക്കുണ്ടിൽ ഉരുൾപൊട്ടലുണ്ടായി; വെള്ളം കയറാൻ സാധ്യതയുണ്ട്: വീടൊഴിഞ്ഞ് പോകണം എന്ന് മൈക്കിൽ വിളിച്ചു പറഞ്ഞുകൊണ്ട് വാഹനങ്ങൾ തലങ്ങും വിലങ്ങും ഓടാൻ തുടങ്ങി. ദുരിതാശ്വാസ ക്യാംപുകൾ ഒരുക്കുന്നുണ്ട് എന്നും അറിയിച്ചു. എങ്കിലും പോകേണ്ടിവരില്ല എന്ന് വിചാരിച്ചു. അടുത്തുതന്നെ താമസിക്കുന്ന സഹോദരിയും കുടുംബവും രണ്ടു കി.മീ. ദൂരെ അവർക്കുള്ള ഒരു ചെറിയവീട്ടിലേക്ക് പോകുകയാണെന്ന് പറഞ്ഞു. ഞങ്ങളേയും അങ്ങോട്ട് ക്ഷണിച്ചു. അത് പൊളിച്ചുപണിയാൻ ഉദ്ദേശിച്ചതാണ്. രണ്ടു കുഞ്ഞുമുറികളും ഹാളും അടുക്കളയും മാത്രമേയുള്ളൂ. കുട്ടികളടക്കം 6 പേർ അവർ തന്നെയുണ്ട്. അതാണ് മടിച്ചത്. മഴകണ്ട് ഞങ്ങൾക്കും പരിഭ്രാന്തിയായി. ഇതിനിടെ മുറ്റത്തുനിന്ന് വെള്ളം അടുക്കളയിൽ കയറി. ധൃതിയിൽ അലമാരകളിലെ തുണികളും, കിടക്കകളും ഞങ്ങൾക്ക് പൊക്കാവുന്ന കസേരകൾ തുടങ്ങിയവയും മുകളിലെത്തിച്ചു. ചുമർ അലമാരയിൽ ധാരാളം തടിയൻ പുസ്തകങ്ങൾ, നിഘണ്ഡുക്കൾ, ബൈബിളുകൾ, ഷോക്കേസിലെ സാധനങ്ങൾ എല്ലാം അവിടെത്തന്നെ ഏറ്റവും മുകളിലെ തട്ടിലേക്ക് കയറ്റിവെച്ചു. അടുക്കളയിലെ അലമാരകളും തട്ടുകളും കാബിനുകളും നിറയെ കുറെയേറെ പാത്രങ്ങളും കലങ്ങളും ടിന്നുകളും ഉണ്ട്. എല്ലാം എവിടെ വെക്കും? അരി, പഞ്ചസാര, മസാലപ്പൊടികൾ തുടങ്ങിയവയും ഗ്യാസ് സിലിണ്ടറും, സ്റ്റൌവും, മിക്സിയും മാത്രം മുകളിലെ നിലയിൽ കൊണ്ടുവെച്ചു. ബാക്കിയെല്ലാം - അലമാരകൾ, കട്ടിലുകൾ, സോഫ, ദിവാൻ, ഫ്രിഡ്ജ്, വാഷിങ്ങ്മെഷീൻ തുടങ്ങി നീക്കാൻ പരസഹായം ആവശ്യമായതെല്ലാം അവിടെത്തന്നെ ഉപേക്ഷിച്ചു. എല്ലാവരും തിരക്കിലായതുകൊണ്ട് ആരേയും സഹായത്തിന് വിളിക്കാൻ കഴിയാതെയായി. അപ്പോഴേക്കും വെള്ളം അടുക്കളയിൽ നിന്ന് ഹാളിലേക്കും മുറികളിലേക്കും എത്തി. ഇനി പോകാതെ രക്ഷയില്ല എന്ന് ബോദ്ധ്യമായി. ഓരോ എയർ ബാഗിൽ അത്യാവശ്യം വസ്ത്രങ്ങളും ഷീറ്റുകളും മരുന്നുകളും എടുത്ത് എല്ലാവരും തയ്യാറായി. നാലുമണിയായപ്പോഴേക്കും മുറ്റത്ത് നാല് അടിയോളം വെള്ളം കയറി. ഇനി നിന്നാൽ റോഡിലേക്ക് കയറാൻ പറ്റാതെയാകും. ആർക്കും നീന്തൽ അറിയില്ലതാനും. ഏകദേശം അരയോളം വെള്ളം പൊങ്ങി. പിന്നെ, ഏറ്റവും പുറകിലെ വാതിലും മുന്നിലെ വാതിലും മാത്രം അടച്ച് ബാക്കി എല്ലാ ജനലുകളും വാതിലുകളും തുറന്നിട്ട് എല്ലാം ഉപേക്ഷിച്ച് ഞങ്ങൾ ഇറങ്ങിപ്പോന്നു. അപ്പോഴത്തെ വിഷമം, മാനസികാവസ്ഥ വിവരിക്കാൻ പ്രയാസമാണ്. ഇനി ദൈവംതന്നെ ശരണം.

റോഡിൽ കിടന്നിരുന്ന വണ്ടിയിൽ കയറി സഹോദരിയുടെ കുഞ്ഞുവീട്ടിലേക്ക് ഞങ്ങളും പോയി. രണ്ടു കിലോമീറ്റർ അകലെ നല്ല ഉയരമുള്ള സ്ഥലത്താണ് ഈ വീട്. വെള്ളംകയറുമെന്ന് പേടിക്കാനില്ല. ഇവിടെ വെള്ളവും വെളിച്ചവുമുണ്ട്. സഹോദരി, സിലിണ്ടറും ഗ്യാസ് സ്റ്റൌവും പാത്രങ്ങളും കൊണ്ടുവന്നിരുന്നു. ബ്രെഡ്സ്, പഴം, ചപ്പാത്തി, ബിസ്ക്കറ്റുകൾ എല്ലാം കുറെയൊക്കെ കൊണ്ടുവന്നിട്ടുണ്ട്. പുല്ലുപായയിൽ ഷീറ്റുകൾ വിരിച്ച് 10 പേരും രണ്ടുമുറികളിലായി കിടന്നു. ഇതുതന്നെ ധാരാളം. അപ്പോഴും വെള്ളത്തിന് നടുവിൽ നില്ക്കുന്നവരും അനേകമുണ്ടല്ലൊ. ദൈവത്തിന് നന്ദിപറഞ്ഞു. തുടർന്നുള്ള നാലഞ്ചുദിവസങ്ങൾ ഞങ്ങൾ അവിടെത്തന്നെ കഴിഞ്ഞു. നേരംപുലർന്നപ്പോൾ ഞങ്ങളുടെ സുഹൃത്തുക്കൾ വീടിന്റെയും ചുറ്റുപാടുകളുടേയും ഫോട്ടോകൾ മൊബൈലിലേക്ക് അയച്ചുതന്നു. ഭയപ്പെട്ടതുപോലെത്തന്നെ പുഴ നിറഞ്ഞു കവിഞ്ഞു. അര കി.മീറ്ററോളം മുന്നോട്ടുവന്നിരിക്കുന്നു. റോഡ് വെള്ളത്തിലായി. 10 അടിയോളം വെള്ളം കാണും. പോർച്ച് മുങ്ങാറായി. താഴത്തെ നിലയിൽ വെന്റിലേറ്ററിന്റെ താഴെവരെ വെള്ളമുണ്ട്. ഇനി കയറിയാൽ രണ്ടാം നിലയിലേക്കെത്തും. പ്രമാണങ്ങളും സർട്ടിഫിക്കറ്റുകളും ധൃതിയിൽ കൊണ്ടുവെച്ചതും അവിടെയുള്ളതുമായ സാധനങ്ങളും എല്ലാം എല്ലാം നശിക്കും. പിന്നത്തെ സ്ഥിതി ആലോചിക്കാൻ വയ്യ. ഒഴുക്കിന്റെ ശക്തി കുറഞ്ഞുവെന്ന് അറിഞ്ഞെങ്കിലും ഉരുൾപൊട്ടൽ ഭീഷണി നിലനിൽക്കുന്നുവെന്ന് കേട്ടതുകൊണ്ട് സമാധാനിക്കാനായില്ല. എന്തും സംഭവിക്കാം.

അടുത്ത രണ്ടുദിവസങ്ങളിലും ഇടയ്ക്കിടക്ക് കനത്ത മഴകൾ ഉണ്ടായിരുന്നു. വെള്ളം കൂടിയില്ല എങ്കിലും ഇറങ്ങിയാലല്ലെ ആശ്വാസമാവൂ. മൂന്നാം നാൾ വെള്ളം ഇറങ്ങിത്തുടങ്ങി. പക്ഷേ വീടിന്റെ അടുത്തേക്കൊന്നും എത്താൻ പറ്റില്ല. നാലാം ദിവസം വൈകുന്നേരം നന്നായി ഇറങ്ങിയെങ്കിലും ആ പ്രദേശത്തൊന്നും വൈദ്യുതിയില്ലാത്തതുകൊണ്ട് പോകാൻ നിവൃത്തിയില്ല. പിറ്റേന്ന് രാവിലെ വീട്ടിൽ നിന്ന് പുരുഷന്മാർപോയി അകലെനിന്ന് നോക്കി. പിന്നെ ശുചീകരണത്തിന് ഒരുങ്ങിപ്പോയി. വേണ്ട സാധനങ്ങൾ എല്ലാം എടുത്തിരുന്നു. പക്ഷേ ഗേറ്റിൽതന്നെ, ഗേയ്റ്റിനോളം പൊക്കത്തിൽ പ്ലാസ്റ്റിക് കുപ്പികളും പാട്ടകളും മറ്റു ചണ്ടികളും തടഞ്ഞു കിടന്നതുകൊണ്ട് അകത്ത് കയറാനായില്ല. അതൊക്കെ നീക്കി ഗേറ്റ് തുറന്ന് ആദ്യത്തെ കാലടിവെച്ചപ്പോൾ വീഴാഞ്ഞത് ഭാഗ്യം. ചോക്കലേറ്റ് പോലെ ചളി എല്ലായിടത്തും പരന്നുപ്പിടിച്ച് കിടക്കുന്നു. നിലംമാത്രമല്ല ചെടികളും മരങ്ങളും സർവ്വസാധനങ്ങളും കട്ടിയിൽ ചളിപുതച്ചു കിടക്കുന്നു. കറന്റില്ലാത്തതുകൊണ്ട് വെളിച്ചവും വെള്ളവുമില്ല. മുറ്റത്തെ കിണർ നിറഞ്ഞുകിടന്നതുകൊണ്ട് കോരിയെടുത്ത് എല്ലാം കഴുകാം. ആശാരിവന്നിട്ടാണ് വാതിൽ തുറന്ന് കിട്ടിയത്. അകത്ത് പുറത്തേക്കാൾ അപകടകരമായ സ്ഥിതി. വടികുത്തിമാത്രമെ നടക്കാൻ പറ്റൂ. പാമ്പ്, കുരുടി എന്ന പാമ്പുപോലെ പേടിപ്പിക്കുന്ന ഇഴജീവി, പഴുതാര, തേൾ തുടങ്ങിയവർ ധാരാളം. ഇവരെല്ലാം വെള്ളത്തോടൊപ്പം വന്നവരാണെങ്കിലും വെള്ളത്തോടൊപ്പം പോകാൻ പറ്റിയില്ല. അകത്ത് 9 അടിയോളം വെള്ളം നിന്നിരുന്നു. പുറത്ത് 10-11 അടിയും. ചുവരുകൾ എല്ലാം ചുകപ്പായി. അലമാരകളും കട്ടിലുകൾ മേശ തുടങ്ങിയവയെല്ലാം തന്നെ ചളിയിൽ പൂണ്ടു. ഉയരത്തിൽ കയറ്റിവെച്ച പുസ്തകങ്ങളും മറ്റു വസ്തുക്കും ചളിയിൽ പുതഞ്ഞു കിടക്കുന്നുണ്ടായിരുന്നു. ഫ്രിഡ്ജ് നിലത്ത് നീണ്ടുനിവർന്ന് കിടക്കുന്നു. വാഷിങ്ങ്മെഷീനും അങ്ങനെത്തന്നെ. എവിടെതുടങ്ങണം എന്നറിയാതെ എല്ലാം തന്നെ വലിച്ചു മുറ്റത്തു കൂട്ടിയിട്ടു. പിന്നെയങ്ങോട്ട് രണ്ടു മൂന്നാഴ്ച ശ്വാസം കഴിക്കാൻപോലും സാവകാശം കിട്ടിയില്ല. നഷ്ടങ്ങളെപ്പറ്റി ഒന്നും പറയുന്നില്ല. 10,000/-ക. ദുരിതാശ്വാസ തുക രണ്ടുപ്രാവശ്യമായി കിട്ടി. ഓരോ വീട്ടിലും രണ്ടു

കിറ്റുകൾ, അരിസാമാനങ്ങളും, ലുങ്കി, നൈറ്റി തുടങ്ങിയവയും കിട്ടി. ഞങ്ങളുടെ വാർഡ് മെമ്പർമാർ സജീവമായി ഇടപെട്ടതുകൊണ്ടാണ് ഇത്രയെങ്കിലും വേഗത്തിൽ കിട്ടിയത്. പലവീട്ടുകാർക്കും ഇതൊക്കെ കിട്ടിയത് താല്ക്കാലികമായെങ്കിലും ആശ്വാസംതന്നെയായിരുന്നു. ദിവസേന കുടിവെള്ളവും എത്തിച്ചിരുന്നു. കിണറ് ശുദ്ധിയാക്കാൻ വേണ്ട ബ്ലീച്ചിങ്ങ് പൌഡർ തന്നു. മൂന്നു പ്രാവശ്യം ക്ലോറിനേറ്റ് ചെയ്തു. അങ്ങനെ ഞങ്ങൾ പ്രളയത്തെ അതിജീവിച്ചുകൊണ്ടിരിക്കുന്നു. എന്തൊക്കെ നഷ്ടം വന്നാലും ഈ വീട് ഉപേക്ഷിക്കാൻ പറ്റില്ലല്ലോ. ഈ പുഴയും പച്ചപ്പും ഇവിടത്തെ പുല്ലും പൂക്കളും പക്ഷികളും എല്ലാം എങ്ങനെ ഉപേക്ഷിച്ചുപോകും? ഇനിയും ദുരന്തങ്ങൾ വന്നാലും ഒരു കൈനോക്കാം എന്നൊരു ആത്മവിശ്വാസവും ഉണ്ട്.

ഇത്തരത്തിലുള്ള പ്രളയവും വരൾച്ചയും കൊടുംകാറ്റുകളും ആവർത്തിക്കപ്പെടാൻ സാധ്യതയുണ്ടെന്ന് ശാസ്ത്രജ്ഞന്മാർ പറയുന്നു. മാത്രമല്ല തീവ്രതകൂടാനും മതിയത്രെ. ഈ തീവ്രകാലാവസ്ഥ മാറ്റത്തിന്റെ പ്രധാനകാരണം ആഗോളതാപനമാണെന്നാണ് മനസ്സിലാകുന്നത്. ഇതിന്റെ പ്രത്യാഘാതങ്ങൾ വളരെ വലുതാണ്. സമുദ്രത്തിലെ ജൈവസമ്പത്തിനേയും കൃഷിയേയും നശിപ്പിച്ച് ഭൂമിയുടെ സർവ്വനാശത്തിന് ഇത് കാരണമാവും. ഇതിനൊരു പരിഹാരം നമ്മൾ കണ്ടേതീരൂ. കാരണം ആഗോളതാപനത്തിന്റെ വേഗതകൂട്ടുന്ന കാർബൺഡയോക്സൈഡിന്റെ പുറംതള്ളൽ നിയന്ത്രിക്കാൻ നമ്മൾക്ക് മാത്രമെ കഴിയൂ. വനം നശിപ്പിച്ചും കുന്നിടിച്ചും പാറപൊട്ടിച്ചും തണ്ണീർതടങ്ങളും വയലുകളും നികത്തി കോൺക്രീറ്റ് കൊട്ടാരങ്ങൾ പണിതും മണൽ ഊറ്റിയും അണകെട്ടിയും പുഴകളുടെ സ്വച്ഛമായ ഒഴുക്ക് തടഞ്ഞും പരിസ്ഥിതി സംതുലനം അട്ടിമറിച്ചതും നമ്മൾ മാത്രമാണ്. മറ്റൊരു സൃഷ്ടിക്കും ഇതിൽ പങ്കില്ല. രാപ്പകൽ ഭേദമില്ലാതെ ഓടുന്ന കണക്കില്ലാത്ത മോട്ടോർ വാഹനങ്ങളും പ്ലാസ്റ്റിക്-ഇലക്ട്രോണിക് മാലിന്യങ്ങളും ഉണ്ടാക്കുന്ന അന്തരീക്ഷമലിനീകരണം വേറെയും. പ്രകൃതിയെ ദ്രോഹിച്ചതിനുള്ള തിരിച്ചടിയാണിതെല്ലാം. സഹിച്ചല്ലെ പറ്റൂ. യു.എൻ ന്റെ റിപ്പോർട്ട് അനുസരിച്ച് ഇപ്പോഴത്തെ സ്ഥിതി തുടർന്നാൽ ഈ നൂറ്റാണ്ട് അവസാനിക്കുമ്പോഴേക്കും താപനില $3^0$C ആകും. പ്രത്യാഘാതങ്ങൾ വളരെ വലുതായിരിക്കും. അന്തിമഫലം ഭൂമിയുടെ സർവ്വനാശം തന്നെ. നമ്മൾ മനസ്സുവെച്ചാൽ ആഗോളതാപനത്തിന്റെ വേഗത $1.5^0$C ആക്കി നിയന്ത്രിച്ച് നിർത്താൻ കഴിഞ്ഞാൽ ഭൂമിയുടെ ആയുസ്സ് കുറേക്കൂടി നീട്ടിക്കിട്ടും.

പ്രളയകാലത്ത് നമ്മൾകണ്ട കാഴ്ചകൾ പലതും ഉള്ളുലയ്ക്കുന്നവയായിരുന്നു. പക്ഷേ വൻദുരന്തങ്ങൾക്ക് മുമ്പിൽ പകച്ചുനില്ക്കാതെ ഒന്നിച്ചുനിന്ന് നേരിട്ടാൽ എല്ലാം അതിജീവിക്കാനാവും എന്നപാഠം നമ്മൾ പഠിച്ചു. നമ്മൾ കെട്ടിപ്പൊക്കിയ മതിലുകൾ തകർക്കാൻ പ്രളയത്തിന് അധികസമയം വേണ്ടിവന്നില്ല. ഈ ഓണക്കാലത്ത് ‘മാനുഷരെല്ലാരും ഒന്നുപോലെ’ ആയി; കേരളം മാവേലി വിഭാവനം ചെയ്ത ‘സമത്വ സുന്ദര’ നാടായി. എങ്കിലും തകർത്ത മതിലുകളൊക്കെ വീണ്ടും കെട്ടിപ്പൊക്കാനുള്ള ശ്രമം തുടങ്ങിയോ എന്ന് ഒരു സംശയമുണ്ട്. കണ്ടിട്ടും കൊണ്ടിട്ടും പഠിക്കാത്ത മണ്ടന്മാർ ഏതുനാട്ടിലും ഉണ്ടാകുമല്ലൊ! ഭാവിതലമുറയെപ്പറ്റി നമുക്ക് ഏറെ ആശങ്കപ്പെടേണ്ട കാര്യമില്ലെന്നും നമ്മൾ മനസ്സിലാക്കി. ഊണും ഉറക്കവും ഉപേക്ഷിച്ച് അവർ നടത്തിയ രക്ഷാപ്രവർത്തനം നമ്മൾ കണ്ടതാണല്ലോ. ഈ ഭൂമിയിൽ ഇപ്പോഴും നന്മനിറഞ്ഞ മനുഷ്യർ ധാരാളമുണ്ട് എന്നും പ്രളയം കാണിച്ചുതന്നു. ഇതോടൊപ്പം മൊബൈൽഫോണിന്റെ ചീത്തപ്പേരും

മാറിക്കിട്ടി എന്നുതോന്നുന്നു. ചുരുക്കിപ്പറഞ്ഞാൽ മനുഷ്യനെ സൃഷ്ടിച്ചതിന്റെ പേരിൽ ദൈവത്തിന് ഖേദിക്കേണ്ടിവരില്ലെന്ന് വിശ്വസിക്കാനാണ് എനിക്കിഷ്ടം.

**കാതറിൻ ജെമ്മ**
**(1968)**

**Mrs. Santha Rajagopal (Elder Marian-1975-77) renowned hosts of Cookery Shows conducted demonstration session on "Pavu Baji" for the students on 20.06.2018.**





**Talk by Dr. Anjana Bhandran (Govt. Homeo Hospital , Thrissur) on 'Women's health through Naturopathy' on 25.07.2018**





**Candle making Demonstration - Ms. Soja KK, Alumnae Executive Member on 29-6-18**





**Talk on Yoga by Ms. Supriya (2002-2004) on 25.07.2018**




**Eldermarians participated in "Marian Monsoon fest" on 3rd and 4th August, 2018**

***Handwash, Dishwash and soap of Pain and Palliative care Society, Thrissur***



***Sale of Njaval Juice, Strawberry Juice, Passion Fruit Juice, Nellikka Kanthari Juice , Chakka payasam and Pineapple burfi***



**Interactive session on "Gender sensitization and women entrepreneurship" by Smt. Bindu Vincent, Gender resource person and community councilor of Kudumbasree on 18-9-2018**





**Distribution of health card to I DC on 14th August 2018**

**Awareness class on "Women's Health – Nation's Wealth" by Dr. Roni Ijnatius (1985-87) 14th August 2018**








**Release of 11th Reverie**




**My gratitude to alumnae**









**Mr. Aji T J, Ward Member, Pattikad  inaugurating the eye camp**






**Eldermarian President, Smt Rosily  Antony addressing the eye camp**




**Scholar Support Programme by Ms. Elizabeth Ravi Thanickal (Eldermarian 1995-97) at St. Mary’s College**





**Alumnae President crowning the gem of St Mariy's**




**Principal adorning Sash to the Gem 2019**



---

**Together after the Gem Contest**



---

**Gem winners of 2019**




## Entertainments











**In connection with Alumnae Lecture Series Economics Association arranged an invited lecture on a move towards Sustainable Development toMA Applied Economics students by Ms.Anila C Assistant Professor Department of Economics Sree Kerala Varma College Thrissur(1998-2001) on 5-12-2017.**



A **Lecture on Capital Market Derivatives** by Smt**. Sini Thomas M, ( 2005-2008)**



**A talk on "Trend and Pattern of Foreign Trade in India" delivered by Dr. Thushara George, Asst. Prof, Dept of Economics, St Teresa's College, Ernakulam,to both BA Economics and MA Applied Economics Students on 2-11-2017.**



**Principal congratulating the Eldermarians**
























**Experiences bygone era**















COLLEGE
26/01/2018





26/01/2018


26/01/2018














by
Sunitha






**St. Mary's College**
**College Road, Thrissur – 680 020**
**2019**